2026 AUGUST 23

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: e alayalee.com | Phone: 917 324 4907; 917 662 1122



## ഏവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ...

# മഹാ ഓണം വേദിയിൽ നൃത്യതി പെർഫോമിംഗ് ആർട്സ്

# സസ്കാച്ചെവനിൽ നിന്ന് മഹാ ഓണം വേദിയിലേക്ക്

## പ്രവിശ്യയുടെ അതിരുകൾ കടന്ന് മലയാളി – ഇന്ത്യൻ നൃത്തകലയുടെ ചുവടുകളുമായി നൃത്യതി പെർഫോമിംഗ് ആർട്സ്




കാനഡയിലെ സസ്കാച്ചെവൻ പ്രവിശ്യയിലെ സസ്കാറ്റൂണിൽ ഇന്ത്യൻ നൃത്തകലയുടെ പാരമ്പര്യം പുതുതലമുറയിലേക്ക് പകർന്നു നൽകുന്ന ശ്രദ്ധേയമായ കലാസ്ഥാപനമാണ് നൃത്യതി പെർഫോമിംഗ് ആർട്സ് (Nrityati Performing Arts).


2017ൽ വെറും അഞ്ച് വിദ്യാർത്ഥികളുമായി സുമീത ഗീവർഗീസ് ആരംഭിച്ച നൃത്യതി, ഇന്ന് നൂറിലധികം നർത്തകരുള്ള വലിയൊരു കലാകുടുംബമായി വളർന്നിരിക്കുന്നു.

മൂന്നാം വയസ്സിൽ നൃത്തപഠനം ആരംഭിച്ച സുമീതയ്ക്ക് 38 വർഷത്തിലധികം നൃത്തപരിചയമുണ്ട്. ഗുരു കലാമണ്ഡലം ഗിരിജ, ഗുരു ശശി മേനോൻ എന്നിവരുടെ കീഴിൽ പരിശീലനം നേടിയ സുമീത, ഇന്ത്യൻ ശാസ്ത്രീയ നൃത്തത്തിന്റെ പാരമ്പര്യം കാനഡയിലെ പുതുതലമുറയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് നൃത്യതി സ്ഥാപിച്ചത്.

ഭരതനാട്യം, ഫോക്ക്, സെമി-ക്ലാസിക്കൽ, ഫ്യൂഷൻ, കണ്ടംപററി തുടങ്ങിയ വിവിധ നൃത്തരൂപങ്ങളിൽ നൃത്യതി പരിശീലനം നൽകുന്നു. കുട്ടികൾക്കും മുതിർന്നവർക്കുമൊപ്പം പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്കായുള്ള നൃത്തപരിശീലനവും നൃത്യതിയുടെ പ്രവർത്തനങ്ങളുടെ പ്രധാന ഭാഗമാണ്.

സസ്കാച്ചെവനിലെ വിവിധ സാംസ്കാരിക വേദികളിൽ സജീവസാന്നിധ്യമായ നൃത്യതി, Canada Day ഉൾപ്പെടെ നിരവധി പ്രധാന പരിപാടികളിൽ നൃത്താവതരണങ്ങൾ നടത്തിയിട്ടുണ്ട്. സസ്കാച്ചെവനു പുറത്തേക്കും നൃത്യതിയുടെ കലാപ്രവർത്തനങ്ങൾ വ്യാപിച്ചിട്ടുണ്ട്.

സുമീതയുടെ കലാജീവിതത്തിലെ പ്രധാന നേട്ടങ്ങളിലൊന്നാണ് SK Arts 2026 Recognized Artist എന്ന അംഗീകാരം. Established Professional Artists and Arts Leaders - Dance വിഭാഗത്തിലാണ് സുമീതയ്ക്ക് ഈ





അംഗീകാരം ലഭിച്ചത്. സസ്കാച്ചെവനിലെ ഇന്ത്യൻ നൃത്തകലക്കും സാംസ്കാരിക വൈവിധ്യത്തിനും നൽകിയ സംഭാവനകൾക്ക് ലഭിച്ച വലിയ അംഗീകാരമായാണ് അവർ ഇതിനെ കാണുന്നത്.

നൃത്യതിയുടെ യാത്രയിലെ ഏറ്റവും പുതിയ അഭിമാനനേട്ടമാണ് 2026 ഓഗസ്റ്റ് 15-ന് ടൊറന്റോയിലെ Sankofa Squareൽ നടന്ന Maha Onam 2026-ലെ പ്രകടനം. വലിയ ജനപങ്കാളിത്തത്തോടെ നടന്ന മഹാ ഓണം വേദിയിൽ സസ്കാച്ചെവനെ പ്രതിനിധീകരിച്ച് നൃത്യതി അവതരിപ്പിച്ച പ്രകടനം ടീമിന് മറക്കാനാവാത്ത അനുഭവമായി.

2017-ൽ അഞ്ച് വിദ്യാർത്ഥികളുമായി തുടങ്ങിയ ഒരു ചെറിയ നൃത്തവിദ്യാലയം ഇന്ന് നൂറിലധികം നർത്തകരുള്ള കലാകുടുംബമായി വളർന്ന് ടൊറന്റോയിലെ മഹാ ഓണം പോലൊരു വലിയ വേദിയിലെത്തിയത് ഏറെ അഭിമാനകരമാണെന്ന് സുമീത പറയുന്നു.

‘‘നൃത്തം എനിക്ക് വെറും ചുവടുകളല്ല; അതൊരു ഭാഷയാണ്. ഓരോ കുട്ടിക്കും സ്വന്തം കഴിവ് തിരിച്ചറിയാനും ആത്മവിശ്വാസത്തോടെ വേദിയിൽ നിൽക്കാനും കഴിയുന്ന അവസരങ്ങൾ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം. സസ്കാച്ചെവനിൽ നിന്ന് ഞങ്ങളുടെ കുട്ടികളെ ഇത്തരം വലിയ വേദികളിലേക്ക് എത്തിക്കാൻ കഴിയുന്നത് ഒരു അധ്യാപിക എന്ന നിലയിൽ എനിക്ക് ഏറെ അഭിമാനമാണ്.’’ സുമീത ഗീവർഗീസ്

ഇന്ത്യൻ കലാപാരമ്പര്യത്തിന്റെ വേരുകൾ സംരക്ഷിച്ചുകൊണ്ട് കൂടുതൽ വിദ്യാർത്ഥികൾക്ക് മികച്ച അവസരങ്ങളും വേദികളും ഒരുക്കുകയും, സസ്കാച്ചെവനിൽ നിന്നുള്ള ഇന്ത്യൻ നൃത്തപ്രതിഭകളെ കാനഡയിലെ കൂടുതൽ വേദികളിലേക്ക് എത്തിക്കുകയും ചെയ്യുക എന്നതാണ് നൃത്യതി പെർഫോമിംഗ് ആർട്സിന്റെ മുന്നോട്ടുള്ള ലക്ഷ്യം.








MALABAR
GOLD & DIAMONDS
NOW OPEN
IN
SANTA
CLARA
Town Centre
2046 El Camino Real,
Santa Clara, CA, 95050

## പ്രസംഗവേദിയിൽ നിന്ന് ആഗോള കൂട്ടായ്മയിലേക്ക്

# ഓർമ്മ സീസൺ 4ന് ഫിലാഡൽഫിയായിൽ പ്രൗഢഗംഭീര തുടക്കം



PRO:
മെർളിൻ മേരി അഗസ്റ്റിൻ

ഫിലാഡൽഫിയ: ലോകമെമ്പാടുമുള്ള മലയാളി വിദ്യാർത്ഥികളുടെ പ്രസംഗശേഷിയും ഭാഷാപാടവവും ചിന്താശേഷിയും നേതൃത്വഗുണങ്ങളും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഓർമ്മ ഇന്റർനാഷണൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പ്രസംഗമത്സരത്തിൻറ്റെ നാലാം സീസണിന് ഫിലാഡൽഫിയായിൽ പ്രൗഢഗംഭീരമായ തുടക്കം. ഓഗസ്റ്റ് 19-ന് ഫിലാഡൽഫിയ സെയിൻറ് തോമസ് സീറോ മലബാർ ഫൊറോനാ കത്തോലിക്കാ ദേവാലയത്തിലെ സാന്തോം ഓഡിറ്റോറിയത്തിൽ നടന്ന 'An Evening of Celebration, Partnership & Community' എന്ന പ്രത്യേക പരിപാടിയിലാണ് സീസൺ 4 ഔദ്യോഗികമായി കിക്കോഫ് ചെയ്തത്.

ഓർമ്മ അന്താരാഷ്ട്ര പ്രസംഗമത്സരം സീസൺ 4ന്റെ ഔദ്യോഗിക ലോഞ്ച്, ഇന്ത്യയുടെ 80-ാം സ്വാതന്ത്ര്യദിനാഘോഷം, 24 ന്യൂസിൻറ്റെ നേതൃത്വത്തിലുള്ള Million Malayalee Club (MMC) സംരംഭത്തിൻറ്റെ സൈനിംഗ്-ഇൻ എന്നീ മൂന്ന് പ്രധാന പരിപാടികളുടെ സംഗമവേദിയായാണ് ചടങ്ങ് മാറിയത്.

നിശ്ശബ്ദ പ്രാർഥനയോടെയും അമേരിക്കൻ, ഇന്ത്യൻ ദേശീയഗാനങ്ങളോടെയും ആരംഭിച്ച ചടങ്ങിൽ, ഓർമ്മയുടെ ഒന്നാം സീസൺ മുതൽ നാലാം





സീസണിലേക്കുള്ള വളർച്ചയും പ്രധാന നേട്ടങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രത്യേക ഹ്രസ്വ വീഡിയോയും സീസണുകളുടെ ടൈംലൈനും പ്രദർശിപ്പിച്ചു. ഓർമ്മയുടെ വിജയയാത്ര പരിചയപ്പെടുത്തിയ ഈ അവതരണം പബ്ലിക് റിലേഷൻസ് ഓഫീസർ മെർളിൻ മേരി അഗസ്റ്റിൻ നിർവഹിച്ചു.

ഓർമ്മ ഇന്റർനാഷണൽ ടാലന്റ് പ്രമോഷൻ ഫോറം ചെയർമാൻ ജോസ് തോമസ് സീസൺ 4ന്റെ ആമുഖം അവതരിപ്പിച്ചു. മുൻ മൂന്ന് സീസണുകളുടെ വിജയവും, മത്സരത്തോടൊപ്പം കൃത്യമായ പരിശീലനം നൽകുന്ന ഓർമ്മയുടെ പ്രത്യേക മാതൃകയും അദ്ദേഹം ചുരുക്കി വിശദീകരിച്ചു. സീസൺ 4ൽ വേൾഡ് മലയാളി ഫെഡറേഷനുമായുള്ള (WMF) കൂടുതൽ ആഴത്തിലുള്ള ആഗോള സഹകരണം പ്രധാന പ്രത്യേകതയാണെന്നും, സ്ഥാപക ചെയർമാൻ ഡോ. പ്രിൻസ് പള്ളിക്കുന്നേലിന്റെയും WMF ടീമിന്റെയും പിന്തുണയോടെ മത്സരത്തിൻറ്റെ സന്ദേശം ലോകമെമ്പാടുമുള്ള മലയാളികളിലേക്ക് എത്തിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

24 ന്യൂസിൻറ്റെ നേതൃത്വത്തിലുള്ള Million Malayalee Club സംരംഭവുമായി ഓർമ്മ കൈകോർക്കുന്നതിന്റെ പ്രാധാന്യവും അദ്ദേഹം എടുത്തു പറഞ്ഞു. ഈ സഹകരണം യാഥാർഥ്യമാക്കുന്നതിനും സീസൺ 4ന് പിന്തുണ നൽകുന്നതിനും സഹായിച്ച 24 ന്യൂസ് മാനേജിംഗ് ഡയറക്ടറും ചീഫ് എഡിറ്ററുമായ ശ്രീകണ്ഠൻ നായർക്കും, V അരവിന്ദിനും 24 ന്യൂസ് ടീമിനും പ്രത്യേകമായി നന്ദി രേഖപ്പെടുത്തി. കഴിഞ്ഞ മൂന്ന് സീസണുകളുടെ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച സ്പോൺസർമാർ, അഭ്യുദയകാംക്ഷികൾ, പരിശീലകർ, മുൻ മത്സരാർത്ഥികൾ, സ്കൂൾ-കോളേജ് പ്രിൻസിപ്പൽമാർ, അധ്യാപകർ, മാധ്യമ സംഘടനകളുടെ പ്രതിനിധികൾ, മീഡിയ പ്രവർത്തകർ, മത്സരത്തിൻറ്റെ ജഡ്ജുമാർ, മാർക്കറ്റിംഗ് ടീം അംഗങ്ങൾ, വിവിധ സംഘടനാ നേതാക്കൾ, ഓർമ്മയുടെ ടീം അംഗങ്ങൾ എന്നിവർക്കും അദ്ദേഹം ഹൃദ്യമായ നന്ദി അറിയിച്ചു.

തുടർന്ന് വിശിഷ്ടാതിഥികളുടെയും ഓർമ്മ ഭാരവാഹികളുടെയും സാന്നിധ്യത്തിൽ ഭദ്രദീപം തെളിയിച്ച് സീസൺ 4 ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. MMC സംരംഭത്തിൻറ്റെ സൈനിംഗ്-ഇൻ ചടങ്ങും ഇതോടനുബന്ധിച്ച് നടന്നു.

പരിപാടിയിൽ അധ്യക്ഷത വഹിച്ച ഓർമ്മ ഇന്റർനാഷണൽ പ്രസിഡന്റ് സജി സെബാസ്റ്റ്യൻ സംഘടനയുടെ പ്രവർത്തനങ്ങളെയും പുതിയ സീസണിൻറ്റെ ലക്ഷ്യങ്ങളെയും കുറിച്ച് സംസാരിച്ചു. ഓർമ്മയുടെ മുൻ സീസണുകൾക്ക് ലഭിച്ച ജനപിന്തുണയും വിവിധ സംഘടനകളുടെയും വ്യക്തികളുടെയും സഹകരണവും നാലാം സീസണിന്റെ വിജയത്തിനും കരുത്താകുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

24 ന്യൂസ് എഡിറ്റർ-ഇൻ-ചാർജ് പി. പി. ജെയിംസ് മുഖ്യാതിഥിയായി പങ്കെടുത്തു. C News Live & CN Global Movies CEO ഡോ. ലിസി കെ. ഫെർണാണ്ടസ്, പെൻസിൽവാനിയ കോമൺവെൽത്തിൻറ്റെ മുൻ സ്പീക്കർ ഹോൺ. ജോൺ എം. പെർസൽ, ഫിലാഡൽഫിയ പോലീസ് സെർജന്റ് ബ്ലെസ്സൺ മാത്യു, ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, വേൾഡ് മലയാളി ഫെഡറേഷൻ ഗ്ലോബൽ പ്രസിഡന്റ് ഡോ. ആനി ലിബു എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്ത് സന്ദേശങ്ങൾ നൽകി.

തന്റെ പ്രസംഗത്തിൽ പി. പി. ജെയിംസ് Million Malayalee Club സംരംഭത്തിൻറ്റെ ലക്ഷ്യവും ദൗത്യവും വിശദീകരിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്ന മലയാളികളെ ഒരു വലിയ ആഗോള ശൃംഖലയിലൂടെ ബന്ധിപ്പിക്കുകയും മലയാളി സമൂഹത്തിന്റെ ഐക്യവും ശക്തിയും വർധിപ്പിക്കുകയുമാണ്




MMCയുടെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. ഈ മഹത്തായ സംരംഭത്തിന് 24 ന്യൂസ് നേതൃത്വം നൽകുന്നുണ്ടെന്നും, വിവിധ സംഘടനകളുടെയും കൂട്ടായ്മകളുടെയും പങ്കാളിത്തമാണ് ഇത്തരം വലിയ സാമൂഹിക സംരംഭങ്ങളുടെ വിജയത്തിന് കരുത്താകുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

MMCയുമായി അമേരിക്കയിൽ നിന്ന് കൈകോർക്കുന്ന ആദ്യ സംഘടനയായി ഓർമ്മ ഇന്റർനാഷണൽ മാറിയതിൽ അദ്ദേഹം ഓർമ്മ നേതൃത്വത്തെ അഭിനന്ദിച്ചു. ഓർമ്മയും 24 ന്യൂസും തമ്മിലുള്ള ഈ പങ്കാളിത്തം മാതൃകാപരമാണെന്നും, സമൂഹത്തിന് ഗുണകരമായ വലിയ സംരംഭങ്ങൾ വിജയിപ്പിക്കാൻ ഇത്തരം സഹകരണങ്ങൾ അനിവാര്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഡോ. ലിസി കെ. ഫെർണാണ്ടസ് യുവജനങ്ങളുടെ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിൽ ഓർമ്മയുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. സീസൺ 3ന്റെ ഗ്രാൻഡ് ഫിനാലെയിൽ നേരിട്ട് പങ്കെടുത്ത അനുഭവവും അവർ അനുസ്മരിച്ചു. ഓർമ്മയുടെ പ്രവർത്തനങ്ങളോടുള്ള തന്റെ സ്നേഹവും അടുപ്പവും പ്രകടിപ്പിച്ചുകൊണ്ട്, ഓർമ്മയുടെ തീം സോങ്ങിന് സംഗീതം നൽകാൻ കഴിഞ്ഞതിലുള്ള സന്തോഷവും അവർ പങ്കുവച്ചു. ഹോൺ. ജോൺ എം. പെർസൽ പൊതുരംഗത്തും നേതൃത്വമേഖലയിലും ആശയവിനിമയശേഷിയുടെ പ്രാധാന്യം ചൂണ്ടിക്കാട്ടി. ഇന്ത്യയുടെ 80–ാമത് സ്വാതന്ത്ര്യദിനത്തിന്റെ ആശംസകൾ നേർന്ന അദ്ദേഹം, ഓർമ്മ അന്താരാഷ്ട്ര പ്രസംഗമത്സരം സീസൺ 4ന് എല്ലാ വിജയാശംസകളും അറിയിക്കുകയും മത്സരത്തിന്റെ വിജയത്തിനായി ആശംസകൾ അർപ്പിക്കുകയും ചെയ്തു.

ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, യുവതലമുറയ്ക്ക് മികച്ച അവസരങ്ങൾ ഒരുക്കുന്നതിൽ ഇത്തരം സംരംഭങ്ങളുടെ പ്രാധാന്യം വിശദീകരിച്ചു. ഫൊക്കാനയുടെ വിപുലമായ ശൃംഖലയും പിന്തുണയും ഓർമ്മ സീസൺ 4ൻറ്റെ പ്രവർത്തനങ്ങൾക്കും വിജയത്തിനും ലഭ്യമാക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകി. WMF ഗ്ലോബൽ പ്രസിഡന്റ് ഡോ. ആനി ലിബു, ഓർമ്മ സീസൺ 4ന് വേൾഡ് മലയാളി ഫെഡറേഷൻ നൽകുന്ന പിന്തുണയും സഹകരണവും പ്രഖ്യാപിച്ചു. WMFന്റെ വിപുലമായ ആഗോള ശൃംഖല പ്രയോജനപ്പെടുത്തി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളി വിദ്യാർത്ഥികളിലേക്കും കുടുംബങ്ങളിലേക്കും മത്സരത്തിൻറ്റെ സന്ദേശം എത്തിക്കുന്നതിനും, സീസൺ 4ൻറ്റെ വിജയത്തിനായി ആവശ്യമായ പിന്തുണയും സഹകരണവും നൽകുന്നതിനും WMF ഒപ്പമുണ്ടാകുമെന്ന് അവർ ഉറപ്പുനൽകി

ഫിലാഡൽഫിയ പോലീസ് ഡിപ്പാർട്ട്മെന്റിലെ ആദ്യ മലയാളി, ദക്ഷിണേന്ത്യൻ സെർജന്റായ ബ്ലെസ്സൺ മാത്യുവിനെ, ഫിലാഡൽഫിയ പോലീസ് ഡിപ്പാർട്ട്മെന്റിലെ ആദ്യ മലയാളി ലെഫ്റ്റനന്റാകാനുള്ള അദ്ദേഹത്തിൻറ്റെ വരാനിരിക്കുന്ന നേട്ടത്തിന്റെ പശ്ചാത്തലത്തിൽ ഓർമ്മ ഇന്റർനാഷണൽ പ്രത്യേകമായി അഭിനന്ദിക്കുകയും ആദരിക്കുകയും

ചെയ്തു. ഓർമ്മ അന്താരാഷ്ട്ര പ്രസംഗമത്സരത്തിന്റെ രണ്ടാം സീസൺ ഔദ്യോഗികമായി ലോഞ്ച് ചെയ്തതും ബ്ലെസ്സൺ മാത്യുവായിരുന്നുവെന്ന് ചടങ്ങിൽ അനുസ്മരിച്ചു.

വിശിഷ്ടാതിഥികളുടെ സന്ദേശങ്ങൾക്ക് ശേഷം നടന്ന അനുമോദന പ്രസംഗങ്ങളിൽ ഓർമ്മ ഇന്റർനാഷണൽ ലീഗൽ ചെയർ അറ്റോർണി ജോസഫ് കുന്നേൽ, ജനറൽ സെക്രട്ടറി ക്രിസ്റ്റി എബ്രഹാം, പബ്ലിക് ആൻഡ് പൊളിറ്റിക്കൽ അഫയേഴ്സ് ചെയർ വിൻസെന്റ് ഇമ്മാനുവേൽ എന്നിവർ സംസാരിച്ചു. ഓർമ്മ അന്താരാഷ്ട്ര പ്രസംഗമത്സരത്തിന്റെ തുടക്കം മുതൽ എല്ലാ സീസണുകളിലും പിന്തുണയും സ്പോൺസർഷിപ്പും നൽകി വരുന്ന പ്രധാന വ്യക്തികളിലൊരാളായ ജോസഫ് കുന്നേൽ മത്സരത്തിൻറെ ജഡ്ജായും സജീവമായി പ്രവർത്തിച്ചുവരുന്നു. ഓർമ്മയുടെ വളർച്ചയിലും വിജയത്തിലും അദ്ദേഹത്തിന്റെ തുടർച്ചയായ പിന്തുണ പ്രത്യേകം അനുസ്മരിക്കപ്പെട്ടു.

തുടർന്ന് ഹോളി ഫാമിലി യൂണിവേഴ്സിറ്റി അക്കാദമിക് അഫയേഴ്സ് വൈസ് പ്രസിഡന്റും സീസൺ 3ലെ മുഖ്യാതിഥിയുമായ ഡോ. ബിന്ദു ആലപ്പാട്ട്, ഫോമയുടെ മുൻ പ്രസിഡന്റും കലയുടെ പ്രതിനിധിയുമായ ജോർജ് മാത്യു സി.പി.എ., പമ്പ പ്രസിഡന്റ് അലക്സ് തോമസ്, ഐ.ഒ.സി. ചെയർമാൻ സാബു സ്കറിയ, ഓർമ്മ ഇന്റർനാഷണലിൻറെ മുൻ പ്രസിഡന്റ് ജോർജ് നടവയൽ എന്നിവർ അനുമോദന പ്രസംഗങ്ങൾ നടത്തി. ഓർമ്മയുടെ മുൻകാല പ്രവർത്തനങ്ങളെയും അന്താരാഷ്ട്ര പ്രസംഗമത്സരത്തിൻറെ വളർച്ചയെയും അഭിനന്ദിച്ച അവർ, നാലാം സീസണിൻറെ വിജയത്തിനായി വിവിധ മലയാളി സംഘടനകളുടെയും സമൂഹത്തിൻറെയും കൂട്ടായ പിന്തുണയും സഹകരണവും ഉറപ്പുതന്നു.

ചടങ്ങിൽ വിവിധ മലയാളി സാമൂഹിക, സാംസ്കാരിക, മാധ്യമ സംഘടനകളുടെ പ്രതിനിധികളും പ്രമുഖ വ്യക്തികളും സന്നിഹിതരായിരുന്നു. മലയാള മനോരമ മുൻ എഡിറ്റർ ജോൺ മുണ്ടക്കയം, ഓർമ്മ ടാലന്റ് പ്രമോഷൻ ഫോറം ഡയറക്ടർ ജയരാജ് ആലപ്പാട്ട്, ഫിലാഡൽഫിയ നഗരസഭയിലെ Compliance and Monitoring വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ മാത്യു തരകൻ, WMC സെക്രട്ടറി ലൂക്കോസ് മാത്യു, പിയാനോ പ്രതിനിധി ലൈല മാത്യു, കോട്ടയം അസോസിയേഷൻ പ്രതിനിധി ജിമോൻ ജോർജ്, പ്രസ് ക്ലബ് പ്രസിഡന്റ് ലിജോ ജോർജ്, IACA സെക്രട്ടറി ചാർളി ചിറയത്ത്, വിവിധ സംഘടനാ നേതാക്കളായ മില്ലി ഫിലിപ്പ്, ജോൺ പണിക്കർ, സുധ കാർത്ത, റെനി ജോസഫ്, സിബിച്ചൻ മുക്കാടൻ, തങ്കച്ചൻ സാമുവൽ, എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ഓർമ്മയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്ന സ്പോൺസർമാരായ ഡോ. ഷെറി ജോസ്, ബിനു മാനുവൽ, രാജേഷ് തോമസ്, പോളച്ചൻ വറീദ്, ജോജി ചെറുവേലിൽ, മാനുവൽ തോമസ് എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ നാല് ഘട്ടങ്ങളിലായാണ് സീസൺ 4 സംഘടിപ്പിക്കുന്നത്. സീസൺ 4ന്റെ, പ്രത്യേകതയായി സബ് ജൂനിയർ വിഭാഗത്തിനായി പ്രത്യേക ഓൺലൈൻ മത്സരവും ഉണ്ടായിരിക്കും. മത്സരത്തോടൊപ്പം കൃത്യമായ പരിശീലനം നൽകി ഭാഷാപാടവം, ആശയവിനിമയശേഷി, അവതരണ മികവ്, ആത്മവിശ്വാസം, ചിന്താശേഷി, നേതൃത്വഗുണങ്ങൾ എന്നിവ വളർത്തിയെടുക്കുന്നതിനാണ് ഓർമ്മ പ്രാധാന്യം നൽകുന്നത്.

സീസൺ 4, ഗ്രാൻഡ് ഫിനാലെ 2027 ഓഗസ്റ്റിൽ പാലായിൽ



നടക്കും. 2026 സെപ്റ്റെംബർ 15ന് ആരംഭിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന മത്സരപരമ്പരയ്ക്ക് 10 ലക്ഷം രൂപയുടെ സമ്മാനത്തുകയാണുള്ളത്. മത്സരത്തിന്റെ രജിസ്ട്രേഷനും മറ്റ് വിശദവിവരങ്ങളും www.ormaspeech.org എന്ന വെ ബ്സൈറ്റിൽ ഉടൻ തന്നെ ലഭ്യമാകും .

സീസൺ 4ന്റെ പ്രചാരണ പ്രവർത്തനങ്ങൾക്ക് ഏതാനും ആഴ്ചകൾക്ക് മുമ്പ് കേരളത്തിൽ ''വാഗ്മിത്വത്തിലേക്ക് ഒരു ചുവട്'' എന്ന പേരിൽ തുടക്കം കുറിച്ചിരുന്നു. ഓർമ്മ ഇന്റർനാഷണൽ ടാലന്റ് പ്രമോഷൻ ഫോറത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രചാരണ പരിപാടിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ നിർവഹിച്ചു.

തുടർന്ന് വിവിധ ഘട്ടങ്ങളിലായി നടന്ന പോസ്റ്റർ ലോഞ്ചിംഗ് പരിപാടികളിൽ വിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ, ജലവിഭവ വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ്, 24 ന്യൂസ് മാനേജിംഗ് ഡയറക്ടറും ചീഫ് എഡിറ്ററുമായ ശ്രീകണ്ഠൻ നായർ, വിസാറ്റ് ഗ്രൂപ്പ് ചെയർമാൻ രാജു കുര്യൻ എന്നിവർ വിവിധ അവസരങ്ങളിൽ പങ്കെടുത്തിരുന്നു.

കേരളത്തിൽ ആരംഭിച്ച പ്രചാരണത്തിന്റെ തുടർച്ചയായാണ് ഫിലാഡൽഫിയയിൽ സീസൺ 4ന്റെ ഔദ്യോഗിക യു.എസ്. കിക്കോഫ് വിജയകരമായി നടന്നത്.

ട്രസ്റ്റീ ബോർഡ് ചെയർമാൻ ജോസ് ആറ്റുപുറം, ഓർമ്മ ഇന്റർനാഷണൽ പ്രസിഡന്റ് സജി സെബാസ്റ്റ്യൻ, ജനറൽ സെക്രട്ടറി ക്രിസ്റ്റി എബ്രഹാം, ട്രഷറർ റോഷിൻ പ്ലാമൂട്ടിൽ, പബ്ലിക് ആൻഡ് പൊളിറ്റിക്കൽ അഫയേഴ്സ് ചെയർ വിൻസെന്റ് ഇമ്മാനുവേൽ, ടാലന്റ് പ്രമോഷൻ ഫോറം ചെയർമാൻ ജോസ് തോമസ്, മീഡിയ ചെയർ അരുൺ കോവാട്ട്, പബ്ലിക് റിലേഷൻസ് ഓഫീസർ മെർളിൻ മേരി അഗസ്റ്റിൻ, ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡന്റ് ഷൈല രാജൻ, ജോയിന്റ് സെക്രട്ടറി സെബിൻ സ്റ്റീഫൻ എന്നിവരുടെ നേതൃത്വത്തിലും ഏകോപനത്തിലുമാണ് പരിപാടി സംഘടിപ്പിച്ചത്.

എയ്മിലിൻ റോസ് തോമസും, മെർളിൻ മേരി അഗസ്റ്റിനും പരിപാടിയുടെ അവതാരകരായി പ്രവർത്തിച്ചു. ചടങ്ങിന്റെ അവസാനം ഓർമ്മ ട്രഷറർ റോഷിൻ പ്ലാമൂട്ടിൽ സദസ്സിന് നന്ദി രേഖപ്പെടുത്തി. സ്നേഹവിരുന്നോടെ പരിപാടി സമാപിച്ചു.

വിവിധ സാമൂഹിക, സാംസ്കാരിക, മാധ്യമ സംഘടനകളുടെയും നേതാക്കളുടെയും സജീവ പങ്കാളിത്തത്തോടെ നടന്ന ഫിലാഡൽഫിയ കിക്കോഫ്, വ്യത്യസ്ത സംഘടനകളെയും സമൂഹത്തിൻറ്റെ വിവിധ മേഖലകളിലെ പ്രമുഖരെയും ഒരേ വേദിയിൽ ഒരുമിപ്പിച്ച ശ്രദ്ധേയമായ സംഗമവേദിയായി മാറി. ഓർമ്മ സീസൺ 4ന്റെ ഔദ്യോഗിക തുടക്കത്തോടൊപ്പം, സംഘടനകൾ തമ്മിലുള്ള സഹകരണവും കൂട്ടായ പ്രവർത്തനത്തിന്റെ പ്രാധാന്യവും വിളിച്ചോതിയ ഈ സായാഹ്നം, ലോകമെമ്പാടുമുള്ള മലയാളി യുവതലമുറയിലേക്ക് പ്രസംഗകലയുടെ സന്ദേശം കൂടുതൽ വിപുലമായി എത്തിക്കാനുള്ള പുതിയൊരു കൂട്ടായ യാത്രയുടെ തുടക്കമായി.



# സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ



21 Year Legacy of Trust & Quality

SINCE 2005

40+ BRANCHES

KERALA'S NO.1 GOLD BUYER

## അച്ചായൻസ് ഗോൾഡ്

916 HALLMARKED JEWELLERY

എറണാകുളം, കോട്ടയം
ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം

**85900 46 916 | 90613 50 916**

www.achayansgold.in

വിദേശ പഠനം / ജോലി
തുടങ്ങിയ ആവശ്യങ്ങൾക്കായി
സ്വർണ്ണം വിൽക്കുമ്പോൾ*
**BRANDED TROLLEY BAG**
സമ്മാനമായി നൽകുന്നു.
*(4 Lakhs and above*)*







**FOR SPECIAL NRI SERVICES**
CONTACT: **Mr. Shinil Kurian**
**90723 88 173**

ആശംസ കുറിപ്പ്

# ജാതിയുടെ അദൃശ്യച്ചങ്ങലകൾ പൊട്ടിച്ച് ഒരു എഴുത്തുകാരന്റെ സാംസ്കാരിക ദൗത്യം



മീട്ടു റഹ്മത്ത് കലാം

മാവേലിക്കരയിൽ ബാല്യം പാകിയെടുത്ത് 1970-കളിൽ അമേരിക്കയിലേക്ക് കുടിയേറിയ ഡോ. മാത്യു കെ. ഐസക്കിന്റെ ജീവിതം അക്കാദമിക മികവിന്റെയും സാമൂഹികബോധത്തിന്റെയും സാഹിത്യാന്വേഷണത്തിന്റെയും സംഗമമാണ്. ബാല്യത്തിൽ കണ്ട ജാതിവിവേചനവും ഭക്ഷ്യക്ഷാമത്തിന്റെ വേദനയും മനസ്സിൽ ഉയർത്തിയ മനുഷ്യഗൗരവത്തെക്കുറിച്ചുള്ള ചോദ്യങ്ങളാണ് പിന്നീട് അദ്ദേഹത്തിന്റെ എഴുത്തിന്റെ അടിത്തറയായത്. അമേരിക്കയിലെത്തിയ കാലത്ത് പിതാവിന്റെ സുഹൃത്തായ റോബർട്ട് ഫോണ്ടസ്സിയുടെ പിന്തുണയും പ്രചോദനവും ജീവിതയാത്രയിൽ നിർണായകമായി.

അക്കാദമിക രംഗത്ത് ഉന്നത സ്ഥാനങ്ങൾ വഹിച്ച ശേഷം എഴുത്തിലേക്ക് പൂർണമായി തിരിഞ്ഞ ഡോ. ഐസക്കിന്റെ 'ബ്രോക്കൺ ചെയിൻസ്' ജാതിവിവേചനം, സാമൂഹിക അസമത്വം, പ്രണയം, മനുഷ്യസ്വാതന്ത്ര്യം, മനുഷ്യഗൗരവം എന്നിവയെ ആഴത്തിൽ സമീപിക്കുന്ന നോവലാണ്. പുലിറ്റ്സർ പുരസ്കാര പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട ഈ കൃതിയുടെയും തന്റെ ജീവിതാനുഭവങ്ങളുടെയും സാമൂഹിക കാഴ്ചപ്പാടുകളുടെയും പശ്ചാത്തലത്തിൽ ഡോ. മാത്യു കെ. ഐസക് ഇ-മലയാളി വായനക്കാരോട് സംവദിക്കുന്നു...

**മാവേലിക്കരയിൽ നിന്ന് അമേരിക്കയിലേക്കും അവിടെ നിന്ന് സാഹിത്യത്തിലേക്കുമുള്ള താങ്കളുടെ യാത്ര എങ്ങനെയാണ് ആരംഭിച്ചത്?**

മാവേലിക്കര പ്രദേശത്താണ് ഞാൻ വളർന്നത്. മാർത്തോമാ കോളേജിലും പിന്നീട് ക്രൈസ്റ്റ് കോളേജിലും പഠിച്ചു. അതിനുശേഷം 1970-കളിൽ ഉന്നത വിദ്യാഭ്യാസത്തിനായി അമേരിക്കയിലേക്ക് കുടിയേറി.

ഞാൻ അടിസ്ഥാനപരമായി ജീവശാസ്ത്രം

പഠിച്ച ആളാണ്. പക്ഷേ ഇംഗ്ലീഷ് ഭാഷയോട് എനിക്ക് ചെറുപ്പം മുതൽ തന്നെ വലിയൊരു ഇഷ്ടമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ എന്റെ അക്കാദമിക ജീവിതം പിന്നീട് പല മേഖലകളിലേക്ക് വ്യാപിച്ചു. അമേരിക്കൻ സാഹിത്യവും ഇംഗ്ലീഷ് സാഹിത്യവും പഠിച്ചു. സാമ്പത്തികശാസ്ത്രവും ബിസിനസും പഠിച്ചു.

എന്റെ ബൗദ്ധിക വളർച്ചയിൽ പിതാവിന് വലിയ സ്വാധീനമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് പ്രൊഫ. എം. ഐസക്ക്. 1950-കളിൽ കൊളംബിയ സർവകലാശാലയിൽ പഠിക്കാൻ അമേരിക്കയിലെത്തിയ വ്യക്തിയാണ്. പിന്നീട് ഇന്ത്യയിലേക്ക് മടങ്ങി മനഃശാസ്ത്ര പ്രൊഫസറായി. തുടർന്ന് തിരുവല്ലയിലെ ടൈറ്റസ് II ടീച്ചേഴ്സ് കോളേജിന്റെ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. മാർത്തോമാ സഭയുടെ കീഴിലായിരുന്നു ആ സ്ഥാപനം.

അദ്ദേഹം മനഃശാസ്ത്രവും തത്വചിന്തയും വളരെ വ്യാപകമായി വായിച്ചിരുന്നു. ഇംഗ്ലീഷ് ഭാഷയിൽ പ്രത്യേക പ്രാവീണ്യവുമുണ്ടായിരുന്നു. എന്നെ ഡോക്ടറാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. പക്ഷേ എന്റെ മനസ്സിൽ എഴുത്തുകാരനും ഭാഷാ പ്രൊഫസറുമാകണമെന്ന ആഗ്രഹമായിരുന്നു. അങ്ങനെ പിതാവിന്റെ സ്വപ്നത്തിന്റെയും എന്റെ സ്വന്തം സ്വപ്നത്തിന്റെയും ഇടയിലൂടെ ഞാൻ എന്റെ വഴി കണ്ടെത്തി.

**25-ാം വയസ്സിൽ അമേരിക്കയിലെത്തിയപ്പോൾ എന്തായിരുന്നു അനുഭവം? ആ കുടിയേറ്റം താങ്കളുടെ ജീവിതത്തെ എത്രത്തോളം മാറ്റി?**

അമേരിക്കയിലെത്തുമ്പോൾ എനിക്ക് ഏകദേശം 25 വയസ്സായിരുന്നു. ഇന്നത്തെ 25 വയസ്സുകാരനിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു അന്നത്തെ യുവാവിന്റെ മനോവ്യാപാരം. കേരളത്തിൽ നിന്ന് നേരെ മറ്റൊരു ലോകത്തേക്കാണ് ഞാൻ എത്തിയത്.

ഒഹായോയിലായിരുന്നു ആദ്യ കാല ജീവിതം. അന്ന് അവിടം പ്രധാനമായും വെള്ളക്കാരുടെ സമൂഹമായിരുന്നു. ഇന്ത്യയിൽ നിന്നുള്ള വിദ്യാർഥികൾ വളരെ കുറവായിരുന്നു. ഒരു പുതിയ രാജ്യത്തോട് മാത്രമല്ല, പുതിയൊരു സാമൂഹിക-സാംസ്കാരിക ലോകത്തോടും എനിക്ക് പൊരുത്തപ്പെടേണ്ടിവന്നു.

സാമ്പത്തികമായും സാഹചര്യം എളുപ്പമായിരുന്നില്ല. 1970-കളിൽ ഇന്ത്യയിൽ നിന്ന് വിദേശത്തേക്ക് പോകുന്ന വിദ്യാർഥികൾക്ക് വളരെ ചെറിയൊരു തുക മാത്രമേ കൊണ്ടുപോകാൻ കഴിയുമായിരുന്നുള്ളൂ. ഏകദേശം എട്ട് ഡോളറോളം മാത്രമാണ് കൊണ്ടുവരാൻ കഴിഞ്ഞിരുന്നത്. അതുകൊണ്ട് സാമ്പത്തിക സുരക്ഷിതത്വമൊന്നുമില്ലാതെയാണ് ഞാൻ അമേരിക്കയിലെത്തിയത്.

പക്ഷേ, എന്റെ ജീവിതത്തിൽ നിർണായകമായത് ഞാൻ ഒറ്റയ്ക്കായിരുന്നില്ല എന്നതാണ്. ചിലർ എന്നിൽ വിശ്വസിച്ചു. ഞാൻ തന്നെ എന്നിൽ പൂർണമായി വിശ്വസിക്കാൻ തുടങ്ങുന്നതിന് മുമ്പ് എന്നിൽ വിശ്വാസമർപ്പിച്ച ചില മനുഷ്യർ എന്റെ വഴിയിൽ



ഉണ്ടായിരുന്നു.

**ആ കാലഘട്ടത്തിൽ താങ്കളെ ഏറ്റവും കൂടുതൽ സഹായിച്ച വ്യക്തിയെക്കുറിച്ച് പറയാമോ?**

റോബർട്ട് ഫോണ്ടസ്സിയാണ് എന്റെ ജീവിതത്തിൽ ഏറ്റവും വലിയ സ്വാധീനം ചെലുത്തിയ വ്യക്തി. അദ്ദേഹം എന്റെ പിതാവിന്റെ അടുത്ത സുഹൃത്തായിരുന്നു. പിന്നീട് എന്റെ ജീവിതത്തിൽ അദ്ദേഹം ഒരു വഴികാട്ടിയും സഹായിയും സ്പോൺസറും ഒരർഥത്തിൽ ഗോഡ്ഫാദറുമായി മാറി.

അദ്ദേഹം ഒഹായോയിലെ സമ്പന്നരായ വ്യക്തികളിൽ ഒരാളായിരുന്നു. മൂന്ന് കോർപ്പറേഷനുകളുടെ പ്രസിഡന്റും ഉടമയുമായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ സമ്പത്തല്ല എന്നെ സ്വാധീനിച്ചത്; എന്നോട് അദ്ദേഹം പെരുമാറിയ രീതിയാണ്.

സ്വന്തം മകനെപ്പോലെയാണ് അദ്ദേഹം എന്നെ കണ്ടത്.

ഗ്രാജുവേറ്റ് സ്കൂളിൽ പഠിക്കുന്ന കാലത്ത് അദ്ദേഹം എന്നെ സാമ്പത്തികമായി സഹായിച്ചു. പുതിയ രാജ്യത്ത് ജീവിക്കുകയും പഠിക്കുകയും ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകളിൽ അദ്ദേഹം എനിക്ക് താങ്ങായി.

എന്നാൽ സാമ്പത്തിക സഹായത്തേക്കാൾ വലിയൊരു സമ്മാനമാണ് അദ്ദേഹം എനിക്ക് നൽകിയത്. സ്വന്തം ജീവിതത്തിലൂടെ കഠിനാധ്വാനത്തിന്റെ മൂല്യവും തൊഴിൽനൈതികതയും വിജയത്തിലേക്കുള്ള അച്ചടക്കവും അദ്ദേഹം പഠിപ്പിച്ചു.

അദ്ദേഹം എന്റെ ജീവിതത്തിൽ പ്രകാശം പകർന്ന വ്യക്തികളിലൊരാളാണ്.




**പിതാവുമായുള്ള അദ്ദേഹത്തിന്റെ സൗഹൃദമാണ് ആ ബന്ധത്തിന് തുടക്കമായത്?**

അതെ. എന്റെ പിതാവ് എന്റെ ബൗദ്ധിക അടിത്തറ ഒരുക്കിയ വ്യക്തിയായിരുന്നു. ഭാഷയോടും വായനയോടും പഠനത്തോടുമുള്ള സ്നേഹം അദ്ദേഹം എന്നിൽ വളർത്തി.

എന്റെ മാതാവ് തങ്കമ്മ ഐസക് എനിക്ക് ശക്തമായ നൈതിക അടിത്തറ നൽകി. റോബർട്ട് ഫോണ്ടസ്സി കഠിനാധ്വാനത്തിന്റെയും തൊഴിൽനൈതികതയുടെയും പാഠങ്ങൾ നൽകി.

എന്റെ ജീവിതത്തെ രൂപപ്പെടുത്തിയവർ ഓരോരുത്തരും വ്യത്യസ്തമായ എന്തെങ്കിലും എനിക്ക് നൽകി. അതുകൊണ്ട് ഒരാളുടെ സംഭാവന മാത്രം പറഞ്ഞാൽ എന്റെ യാത്രയുടെ പൂർണ ചിത്രം ലഭിക്കില്ല.

**അമേരിക്കയിലെ ആദ്യകാല ജീവിതത്തിൽ ഒരു പാസ്റ്ററുടെയും സഹായം ലഭിച്ചിരുന്നുവെന്ന് താങ്കൾ പറഞ്ഞിരുന്നു. ആ ബന്ധം എങ്ങനെയായിരുന്നു?**

റോബർട്ട് ഫോണ്ടസ്സി ആരാധിച്ചിരുന്ന പള്ളിയിലെ പാസ്റ്റർ പിന്നീട് എന്റെയും ആരാധനാലയത്തിലെ പാസ്റ്ററായി. അദ്ദേഹം എന്റെ ജീവിതത്തിലെ മറ്റൊരു പ്രധാന വ്യക്തിയായി.

ഞാൻ അമേരിക്കയിലെത്തുമ്പോൾ തികച്ചും അപരിചിതമായ ഒരു ലോകത്തേക്കാണ് പ്രവേശിച്ചത്. കേരളത്തിൽ നിന്ന് വളരെ അകലെയായി, പുതിയൊരു സമൂഹത്തെ മനസ്സിലാക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന ഒരു യുവാവായിരുന്നു ഞാൻ.

ഈ വ്യക്തികളാണ് എന്നെ ആ പുതിയ ജീവിതത്തിലേക്ക് കടന്നുചെല്ലാൻ സഹായിച്ചത്. പ്രായോഗികമായും വൈകാരികമായും ബൗദ്ധികമായും അവർ എനിക്ക് പിന്തുണ നൽകി. ആ പിന്തുണയാണ് ആ മാറ്റം സാധ്യമാക്കിയത്.

### താങ്കളുടെ അക്കാദമിക മികവ് എങ്ങനെ അവസര ങ്ങളായി മാറി?

ഞാൻ വളരെ കഠിനമായി പരി ശ്രമിച്ചു.

സർവകലാശാലയിൽ ഞാൻ വിദ്യാർഥി നേതാവായി. അന്താ രാഷ്ട്ര വിദ്യാർഥി സംഘടനയുടെ പ്രസിഡന്റായി തിരഞ്ഞെടുക്ക പ്പെട്ടു. തുടർന്ന് ആയിരക്കണക്കി ന് ബിരുദാനന്തര വിദ്യാർഥികളെ പ്രതിനിധീകരിച്ചിരുന്ന ബിരു ദാനന്തര വിദ്യാർഥി സംഘടന യുടെ വൈസ് പ്രസിഡന്റായും പ്രവർത്തിച്ചു.

എന്റെ നേതൃത്വവും അക്കാദ മിക പ്രവർത്തനങ്ങളും സർവക ലാശാലയുടെ ശ്രദ്ധയിൽപ്പെട്ടു. ഡോക്ടറൽ വിദ്യാർഥിയായിരുന്ന ആദ്യ വർഷത്തിന് ശേഷം സർ വകലാശാല തന്നെ എനിക്ക് ഒരു സ്ഥാനം നൽകി. ശമ്പളം ലഭി ച്ചു, പഠനഫീസും അവർ ഏറ്റെടു ത്തു.

അവിടെ നിന്നാണ് എന്റെ അധ്യാപകജീവി തത്തിന് തുടക്കം.

ഇംഗ്ലീഷ് എന്റെ ര ണ്ടാം ഭാഷയായിരിക്കെ, ഇംഗ്ലീഷ് മാതൃഭാഷയാ യ വിദ്യാർഥികളെ സാ ഹിത്യം പഠിപ്പിക്കേണ്ടി വന്നു. അത് വലിയൊരു വെല്ലുവിളിയായിരുന്നു. എന്നാൽ അതുതന്നെ എന്നെ വളർത്തിയ ഒരു വലിയ അവസരമായി.

### ബാല്യത്തിലെ സാ മൂഹ്യനീതിയിലേ ക്കുള്ള താങ്കളുടെ ശ്രദ്ധ തിരിഞ്ഞതി ന്റെ പ്രധാന കാര ണം എന്തായിരുന്നു?

കേരളത്തിൽ വളർന്നപ്പോൾ തന്നെ ജാതിയുടെ പേരിലുള്ള വിവേചനം ഞാൻ കണ്ടിരുന്നു. ചിലരെ സമൂഹത്തിന്റെ മുഖ്യധാ രയിൽ നിന്ന് അകറ്റിനിർത്തുന്ന രീതികൾ കുട്ടിയായിരിക്കുമ്പോ ഴും എനിക്ക് അസ്വസ്ഥതയുണ്ടാ ക്കിയിരുന്നു.

ചിലർ 'ശുദ്ധർ', മറ്റുചിലർ 'അശുദ്ധർ' എന്ന ആശയം തന്നെ എനിക്ക് അസംബന്ധമായി തോ ന്നി. ഒരു മനുഷ്യന്റെ ജനനം അവന്റെ ഗൗരവം നിർണയിക്കു മെന്ന ആശയം എനിക്ക് അംഗീ കരിക്കാനായില്ല.

പക്ഷേ, ഒരു പ്രത്യേക സംഭവം ആ ചിന്തയെ എന്റെ മനസ്സിൽ എന്നെന്നേക്കുമായി പതിപ്പിച്ചു.

### ആ സംഭവത്തെക്കുറിച്ച് വിശദമായി പറയാമോ?

എനിക്ക് അന്ന് പത്ത് വയസ്സാ യിരുന്നു. കേരളത്തിൽ ഭക്ഷ്യക്ഷാ മമുണ്ടായിരുന്ന കാലം.

ഞങ്ങളുടെ കുടുംബം താര തമ്യേന മെച്ചപ്പെട്ട സാമ്പത്തിക നിലയിലായിരുന്നു. ഞങ്ങൾക്ക് നെല്ലും പാടവും ഉണ്ടായിരുന്ന തിനാൽ ഭക്ഷ്യക്ഷാമത്തെ ഒരു പരിധിവരെ അതിജീവിക്കാൻ ക ഴിഞ്ഞു.



പക്ഷേ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ അതി ന്റെ ഏറ്റവും വലിയ ആഘാതം ഏറ്റുവാങ്ങി. അവരിൽ വലിയൊ രു വിഭാഗം ദളിതരായിരുന്നു.

ഒരു ദിവസം പ്രായമായ ഒരു ദളിത് സ്ത്രീ ഞങ്ങളുടെ വീട്ടി ലെത്തി. വളരെ ക്ഷീണിതയായി രുന്നു അവർ. മാറ് മറച്ചിരുന്നില്ല. എന്റെ മുറിയുടെ പുറത്തുവന്ന് അവർ ഇരുന്നു.

അവിടെ കിടന്നിരുന്ന തെങ്ങോ ലയുടെ ഈർക്കിൽ കൊണ്ടുണ്ടാ ക്കിയ ചൂൽ അവർ എടുത്തു. തുടർച്ചയായ ഉപയോഗം മൂലം അതിന്റെ അറ്റത്ത് മണ്ണും പൊടി യും ചേർന്ന് കട്ടിപിടിച്ചിരുന്നു. അവർ ആ അറ്റം പൊട്ടിച്ചെടുത്ത് കഴിക്കാൻ തുടങ്ങി.

ആ പ്രായത്തിൽ ഞാൻ അത് കണ്ട് തകർന്നുപോയി. എന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ വന്നു.

അത്രയും വിശപ്പുള്ള മനുഷ്യർ നമ്മുടെ സമൂഹത്തിൽ ഉണ്ടെന്ന തിരിച്ചറിവായിരുന്നു അത്.

ആ സ്ത്രീയുടെ ചിത്രം എന്റെ മനസ്സിൽ നിന്ന് ഒരിക്കലും മാ ഞ്ഞില്ല.

ആ സംഭവം എന്നെ ജീവിതകാ ലം മുഴുവൻ പിന്തുടർന്നു. സാമൂ ഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന മനുഷ്യ രുടെ വേദനയോടുള്ള എന്റെ ക രുതലിന്റെ വിത്ത് അവിടെയാണ് വീണത്.

**മതപരമായ വളർച്ചയും പിന്നീട് ഉണ്ടായ ചിന്താമാറ്റങ്ങളും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?**

തീർച്ചയായും. ഞാൻ ഒരു ക്രിസ്ത്യൻ കുടുംബത്തിലാണ് വളർന്നത്. എന്റെ അമ്മ വളരെ ഭക്തിയുള്ള സ്ത്രീയായിരുന്നു. മതം എന്റെ ബാല്യത്തിലെ പ്രധാന ഘടകമായിരുന്നു.

പക്ഷേ മതത്തിന്റെ സന്ദേശവും മതത്തിന്റെ പേരിൽ മനുഷ്യർ ചെയ്യുന്ന പ്രവൃത്തികളും തമ്മിലുള്ള വൈരുദ്ധ്യം എന്നെ ചിന്തിപ്പിച്ചു.

ദളിതരോടുള്ള വിവേചനം ക്രിസ്ത്യൻ സമൂഹത്തിനുള്ളിലും നിലനിൽക്കുന്നുണ്ട്. ഒരാൾ ക്രിസ്ത്യാനിയായാലും ജാതിയുടെ പേരിൽ സഭയ്ക്കുള്ളിൽ തന്നെ വിവേചനം അനുഭവിക്കേണ്ടിവരാം.

അതായിരുന്നു എന്നെ ഏറെ അസ്വസ്ഥനാക്കിയ വൈരുദ്ധ്യം.

**ആ ചിന്തയാണ് 'ടച്ച്ഡ് ബൈ റിഡീമിങ് ലവ്' എന്ന ആദ്യ നോവലിലേക്ക് നയിച്ചതോ?**

അതെ. എന്റെ ആദ്യ നോവൽ 'ടച്ച്ഡ് ബൈ റിഡീമിങ് ലവ്' ഈ പ്രശ്നത്തെ ആസ്പദമാക്കിയതാണ്.

ദളിത് പശ്ചാത്തലത്തിൽ നിന്നുള്ള ഒരു യുവാവ് ഒരു അമേരിക്കൻ പാസ്റ്ററുടെ സുവിശേഷ സന്ദേശത്തിലൂടെ ക്രിസ്ത്യാനിയാകുന്നു. എന്നാൽ ക്രിസ്ത്യാനിയായ ശേഷവും ജാതിയുടെ പേരിലുള്ള വിവേചനം അവനെ പിന്തുടരുന്നു.

അവൻ മതം മാറിയെങ്കിലും സാമൂഹിക ചങ്ങലകൾ അഴിയുന്നില്ല.

അവിടെ നിന്നാണ് ജാതിവിവേചനത്തെ അടിമത്തം, വംശീയ വിവേചനം തുടങ്ങിയ മറ്റ് അടിച്ചമർത്തൽ സംവിധാനങ്ങളുമായി താരതമ്യം ചെയ്ത് ചിന്തിക്കാൻ തുടങ്ങിയത്.

**അതിന്റെ തുടർച്ചയാണോ 'ബ്രോക്കൺ ചെയിൻസ്'?**

ഒരു അർഥത്തിൽ അതെ.

എന്റെ ആദ്യ കൃതിയിൽ സ്പർശിച്ച വിഷയം കൂടുതൽ വിശാലമായ രീതിയിൽ 'ബ്രോക്കൺ ചെയിൻസ്'ൽ വികസിപ്പിക്കുകയായിരുന്നു.




ജാതിയെ ഒരു സാമൂഹിക പ്രശ്നമായി മാത്രം കാണാതെ മനുഷ്യഗൗരവം, സ്വാതന്ത്ര്യം, വ്യക്തിത്വം, ധാർമികത എന്നിവയുടെ ചോദ്യമായി അവതരിപ്പിക്കുകയായിരുന്നു എന്റെ ലക്ഷ്യം.

നോവലിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ ജാതി, മതം, സാമൂഹിക അധികാരം എന്നിവയുണ്ട്. പിന്നീട് കഥ അമേരിക്കയിലേക്കും കുടിയേറ്റ ജീവിതത്തിലേക്കും നീളുന്നു.

**'ബ്രോക്കൺ ചെയിൻസ്' ഒരു പ്രണയകഥ കൂടിയാണ്. ദേവിയും സാമും തമ്മിലുള്ള പ്രണയത്തെ കേന്ദ്രമാക്കിയതെന്തുകൊണ്ട്?**

ഒരു ആശയം വായനക്കാരന്റെ മനസ്സിലേക്ക് എത്തിക്കാൻ ഒരു കഥയ്ക്ക് കഴിയുന്ന ശക്തി ഒരു അക്കാദമിക പ്രബന്ധത്തിനില്ല.

സാം ഒരു യുവ സിറിയൻ ക്രിസ്ത്യാനിയാണ്. ദേവി അവന്റെ വീട്ടിൽ ജോലി ചെയ്യുന്ന ദളിത് സ്ത്രീയുടെ മകളാണ്. കുട്ടിക്കാലം മുതൽ അവർ പരസ്പരം പരിചയമുള്ളവരാണ്. പിന്നീട് ആ ബന്ധം പ്രണയമായി മാറുന്നു.

പക്ഷേ ആ പ്രണയം സമൂഹത്തിന്റെ കെട്ടുപാടുകളെ ചോദ്യം ചെയ്യുന്നു.

അതിനാൽ പ്രണയത്തിന്റെ വികാരലോകത്തെയും ജാതിവ്യവസ്ഥയുടെ സാമൂഹിക യാഥാർഥ്യത്തെയും ഒരുമിച്ച് കൊണ്ടുവരാൻ എനിക്ക് കഴിഞ്ഞു.

**താങ്കളുടെ 'സാംസ്കാരിക അടിത്തറ, വികാരം, യുക്തി' എന്ന ആശയം ഈ നോവലിൽ എങ്ങനെയാണ് പ്രവർത്തിക്കുന്നത്?**

സാംസ്കാരിക അടിത്തറ എന്നത് ഒരു സമൂഹത്തിന്റെ ചരിത്രം, മൂല്യങ്ങൾ, സാമൂഹിക വേഷങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയാണ്.

വികാരതലം മനുഷ്യരുടെ മനസ്സിലെ സംഘർഷങ്ങളാണ്. ജാതിവ്യവസ്ഥ ഒരു മനുഷ്യന്റെ മനസ്സിൽ സൃഷ്ടിക്കുന്ന ഭയം, അപമാനം, വേദന, പ്രണയത്തിലെ സംഘർഷം എന്നിവ അവിടെ വരുന്നു.

യുക്തിതലം ശാസ്ത്രീയവും യുക്തിപരവുമായ ചോദ്യങ്ങളാണ്.

അങ്ങനെ സംസ്കാരം, വികാരം, യുക്തി ഈ മൂന്ന് തലങ്ങളെയും ഒരു പ്രണയകഥയ്ക്കുള്ളിൽ ചേർക്കാനാണ് ഞാൻ ശ്രമിച്ചത്.

**നോവലിലെ ‘ചങ്ങലകൾ’ എന്തിനെയാണ് പ്രതിനിധീകരിക്കുന്നത്?**

അവ കാണാനാകാത്ത സാമൂഹിക ചങ്ങലകളാണ്.

‘നീ ഉയർന്ന ജാതിയാണ്’, ‘നീ താഴ്ന്ന ജാതിയാണ്’, ‘നീ ദളിതനാണ്’, ‘നിനക്ക് ഇവിടെ പ്രവേശനമില്ല’ ഇങ്ങനെയുള്ള തിരിച്ചറിയലുകൾ മനുഷ്യന്റെ മനസ്സിൽ ചങ്ങലകളായി മാറുന്നു.

മതം മാറിയാലും അവ അഴിയണമെന്നില്ല.

സഭയിൽ പ്രവേശിച്ചാലും അവിടെ ജാതിയുടെ പേരിൽ വിവേചനം തുടരാം.

അതിനാൽ ഈ ചങ്ങലകൾ സാമൂഹിക പദവിവ്യവസ്ഥയുടെയും വിവേചനത്തിന്റെയും മാനസിക അടിച്ചമർത്തലിന്റെയും മനുഷ്യഗൗരവനിഷേധത്തിന്റെയും പ്രതീകമാണ്.


അവ തകർക്കുന്നത് മനുഷ്യന് സ്വന്തം ജീവിതം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം വീണ്ടെടുക്കുന്നതാണ്.

**ജാതിവ്യവസ്ഥയെ അടിമത്തത്തോട് താരതമ്യം ചെയ്യുന്നത് എന്തുകൊണ്ടാണ്?**

ചരിത്രപരമായി അവ വ്യത്യസ്ത സംവിധാനങ്ങളാണ്. എന്നാൽ മനുഷ്യരെ ഒരു വിഭാഗം മറ്റൊരു വിഭാഗത്തേക്കാൾ താഴ്ന്നവരായി കണക്കാക്കുന്ന മനോഭാവത്തിൽ സാമ്യമുണ്ട്.

അമേരിക്കയിലെ അടിമത്തത്തിൽ മനുഷ്യരെ നിയമപരമായി സ്വത്തായി കണക്കാക്കിയിരുന്നു. ജാതിവ്യവസ്ഥയിൽ അത്തരം നിയമപരമായ ഉടമസ്ഥതയില്ലെങ്കിലും ഒരു പ്രത്യേക വിഭാഗത്തിന്റെ സാമൂഹിക സ്ഥാനം, അവസരങ്ങൾ, ഭാവി എന്നിവ ജനനത്തോടെ തന്നെ നിശ്ചയിക്കപ്പെടുന്നു.

ഇരുവിടത്തും മാനസിക അടിച്ചമർത്തലുണ്ട്.




**അവസാനം ചോദിക്കേണ്ട ചോദ്യം ഇതാണ്: ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെക്കാൾ താൻ ശ്രേഷ്ഠനാണെന്ന് കരുതുന്നത് എന്തുകൊണ്ട്?**

ആ ചോദ്യം ഇന്ത്യയുടേതു മാത്രമല്ല. വംശീയതയും മതവിവേചനവും വിവിധ രൂപത്തിലുള്ള വിവേചനങ്ങളും ലോകത്തിന്റെ പല ഭാഗങ്ങളിലും നിലനിൽക്കുന്നു.

**ശാസ്ത്രവും നോവലിൽ പ്രധാനമാണ്. ഒരു ജീവശാസ്ത്ര വിദ്യാർഥിയായിരുന്ന പശ്ചാത്തലം അതിന് സ്വാധീനം നൽകിയോ?**

തീർച്ചയായും.

ജാതിക്കും വംശത്തിനും മനുഷ്യരുടെ ജനിതക ഘടനയിൽ അടിസ്ഥാനപരമായ ശ്രേഷ്ഠതയോ അധമത്വമോ ഉണ്ടെന്ന ധാരണയ്ക്ക് ശാസ്ത്രീയ അടിസ്ഥാനമില്ലെന്ന് കാണിക്കാനാണ് ഞാൻ ശ്രമിച്ചത്.

നോവലിൽ സാമിന്റെ ജനിതക ഗവേഷണത്തിലൂടെ മനുഷ്യർ പരസ്പരം അത്യന്തം അടുത്ത ജനിതക സാമ്യമുള്ളവരാണെന്ന ആശയം അവതരിപ്പിക്കുന്നു.

പുറമേയുള്ള രൂപഭേദങ്ങൾ ഉണ്ടാകാം. എന്നാൽ അവ മനുഷ്യരുടെ മൂല്യത്തെയോ ഗൗരവത്തെയോ നിർണയിക്കുന്നില്ല.

**‘ബ്രോക്കൺ ചെയിൻസ്’ പുലിറ്റ്സർ പുരസ്കാര പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടത് ഒരു വലിയ അംഗീകാരമാണ്. ആ അംഗീകാരത്തെ എങ്ങനെയാണ് കാണുന്നത്?**

എന്റെ ജീവിതത്തിലെ ഒരു പ്രധാന നിമിഷമായിരുന്നു അത്.

പക്ഷേ അതിനെക്കാൾ പ്രധാനപ്പെട്ടത് കൃതിയുടെ വിഷയം തന്നെയാണ്.

ജാതിവിവേചനം കേരളത്തിന്റെയോ ഇന്ത്യയുടെയോ മാത്രം

പ്രശ്നമല്ല. അതിന് ആഗോള പ്രസക്തിയുണ്ട്. അപാർഥെയ്ഡ്, അടിമത്തം, ജിം ക്രോ തുടങ്ങിയ സംവിധാനങ്ങളെ ഓർക്കുമ്പോൾ മനുഷ്യഗൗരവം എങ്ങനെ നിഷേധിക്കപ്പെടുന്നു എന്ന വലിയ ചോദ്യം മുന്നിലെത്തുന്നു.

ആഫ്രിക്കക്കാരെ അടിമകളാക്കിയത് അവർ താഴ്ന്നവരാണെന്ന ധാരണ വളർത്തിയെടുത്തതിനാലാണ്.

മനുഷ്യരെക്കുറിച്ചുള്ള നമ്മുടെ ഏറ്റവും വലിയ തെറ്റിദ്ധാരണയാണ് ഒരാളെ മറ്റൊരാളേക്കാൾ സ്വാഭാവികമായി ശ്രേഷ്ഠനോ അധമനോ ആയി കാണുന്നത്.

മനുഷ്യർ ദൈവത്തിന്റെ സൃഷ്ടികളാണെങ്കിൽ, ഓരോ മനുഷ്യനും അമൂല്യനാണ്. വെള്ളക്കാരനായാലും കറുത്തവനായാലും തവിട്ടുനിറക്കാരനായാലും ഏത് മതക്കാരനായാലും അവന്റെ മനുഷ്യഗൗരവം തുല്യമാണ്.

**ഇപ്പോൾ താങ്കൾ താങ്കളെ എങ്ങനെ കാണുന്നു? വിശ്വാസിയെന്നോ മതവിശ്വാസങ്ങളിൽ നിന്ന് അകന്നു നിൽക്കുന്ന വ്യക്തിയെന്നോ?**

എന്റെ ജീവിതത്തിലെ ചിന്തകൾ എന്നെ മതത്തിന്റെ പരമ്പരാഗത നിർവചനങ്ങളിൽ നിന്ന് അകറ്റിയിട്ടുണ്ട്. ഞാൻ ഇപ്പോൾ സ്വയം മതവിശ്വാസങ്ങളിൽ നിന്ന് അകന്നുനിൽക്കുന്ന വ്യക്തിയായാണ് കാണുന്നത്.

എന്റെ മൂന്നാമത്തെ കൃതി എന്റെ വിശ്വാസയാത്രയെക്കുറിച്ചുള്ള ഒരു ഓർമക്കുറിപ്പാണ്. ദൈവവിശ്വാസം എങ്ങനെ നഷ്ടപ്പെട്ടു, അതിലൂടെ ഞാൻ എങ്ങനെ ഒരു പുതിയ ബൗദ്ധിക അന്വേഷണത്തിലേക്ക് കടന്നു എന്നതാണ് അതിന്റെ പ്രമേയം.

എന്നാൽ എന്റെ ബാല്യത്തിൽ ലഭിച്ച നൈതികബോധം ഞാൻ നിഷേധിക്കുന്നില്ല. എന്റെ മാതാപിതാക്കൾ എന്നിൽ വളർത്തിയ ധാർമികബോധം ഇന്നും എന്റെ ചിന്തയുടെ പ്രധാന ഭാഗമാണ്.




**ഒരു എഴുത്തുകാരന് സമൂഹത്തോടുള്ള ഉത്തരവാദിത്വം എന്താണ്?**

എഴുത്തുകാരും പണ്ഡിതരുമാണ് പലപ്പോഴും സമൂഹത്തിൽ ദീർഘകാല മാറ്റങ്ങൾക്ക് വിത്തിടുന്നത്.

ശബ്ദമില്ലാത്തവരുടെ ശബ്ദമാകാൻ എഴുത്തുകാരന് കഴിയും. അനീതി, പീഡനം, വിവേചനം എന്നിവയെ സമൂഹത്തിന്റെ മുന്നിൽ കൊണ്ടുവരാൻ കഴിയും.

മനുഷ്യഗൗരവവും മനുഷ്യാവകാശവും സംരക്ഷിക്കണമെങ്കിൽ സാമൂഹ്യനീതി വേണം.

സാമൂഹ്യനീതിയാണ് മനുഷ്യഗൗരവത്തിന്റെ അടിത്തറ.

അതുകൊണ്ട് ഒരു എഴുത്തുകാരൻ തന്റെ കാലത്തിന്റെ അനീതികളോട് പ്രതികരിക്കേണ്ടതുണ്ട്.

**പുരസ്കാരങ്ങളും അംഗീകാരങ്ങളും എഴുത്തുകാരനെ പ്രചോദിപ്പിക്കുമോ അതോ കൂടുതൽ സമ്മർദത്തിലാക്കുമോ?**

അംഗീകാരം തീർച്ചയായും പ്രചോദനം നൽകുന്നു. സ്വന്തം കഴിവുകൾ കൂടുതൽ മെച്ചപ്പെടുത്താനും കൂടുതൽ ഗൗരവത്തോടെ പ്രവർത്തിക്കാനും അത് പ്രേരിപ്പിക്കുന്നു.

അതോടൊപ്പം ഉത്തരവാദിത്വവും വർധിക്കുന്നു. വായനക്കാർ ഒരു കൃതിയെ സ്വീകരിക്കുമ്പോൾ അതിന്റെ നിലവാരം നിലനിർത്തേണ്ട ബാധ്യത എഴുത്തുകാരനുണ്ടെന്ന് ഞാൻ കരുതുന്നു.

അടുത്തിടെ എനിക്ക് ലഭിച്ച നാമം ലിറ്റററി എക്സലൻസ് അവാർഡ് 2026 ഏറെ സന്തോഷവും അഭിമാനവും നൽകിയ അംഗീകാരമാണ്. നാമം എന്ന സംഘടനയും എംബിഎൻ ഫോണ്ടേഷനും സംയുക്തമായി രണ്ടു വർഷത്തിലൊരിക്കൽ നൽകുന്ന ഈ പുരസ്കാരം വടക്കേ അമേരിക്കയിലെ അമേരിക്കൻ-ഇന്ത്യൻ സമൂഹത്തിൽ സാഹിത്യം, വൈദ്യം, കല, മാധ്യമം, വിദ്യാഭ്യാസം, സാമൂഹ്യസേവനം തുടങ്ങിയ മേഖലകളിൽ മികവ് തെളിയിച്ചവരെ ആദരിക്കുന്നതാണ്.

2026-ലെ പുരസ്കാരങ്ങൾ ന്യൂജേഴ്സിയിലെ ഫോർഡ്സിൽ നടന്ന ചടങ്ങിലാണ് സമ്മാനിച്ചത്. ന്യൂയോർക്കിലെ ഇന്ത്യൻ കോൺസൽ ജനറൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ കേരളത്തിൽ നിന്ന് തിരുവനന്തപുരത്തിന്റെ മേയർ വി. വി. രാജേഷ് മുഖ്യാതിഥിയായി എത്തി. കേരള ഗവർണറുടെ പ്രൈവറ്റ് സെക്രട്ടറിയായ പി. ശ്രീകുമാറും വിവിധ പ്രാദേശിക ജനപ്രതിനിധികളും മറ്റു പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു.

എന്നെ സംബന്ധിച്ചിടത്തോളം ഈ പുരസ്കാരം ഒരു വ്യക്തിഗത അംഗീകാരം മാത്രമല്ല; എഴുത്തിലൂടെ ഞാൻ മുന്നോട്ടുവയ്ക്കുന്ന മനുഷ്യഗൗരവത്തിന്റെയും സാമൂഹ്യനീതിയുടെയും ആശയങ്ങൾക്ക് ലഭിച്ച അംഗീകാരമായും ഞാൻ അതിനെ കാണുന്നു.

**താങ്കളെ സ്വാധീനിച്ച എഴുത്തുകാർ ആരൊക്കെയാണ്?**

വളരെ അധികം എഴുത്തുകാർ എന്നെ സ്വാധീനിച്ചിട്ടുണ്ട്.

പൗലോ കൊയ്‌ലോയുടെ 'ദി ആൽക്കമിസ്റ്റ്' എനിക്ക് ഏറെ ഇഷ്ടപ്പെട്ട കൃതിയാണ്. എർണസ്റ്റ് ഹെമിങ്‌വേ എന്റെ പ്രിയപ്പെട്ട എഴുത്തുകാരിലൊരാളാണ്.

ഹെർമൻ ഹെസ്സെ, ഹെർമൻ മെൽവിൽ, നാഥനിയൽ ഹോത്തോൺ, ജോർജ് ബെർണാഡ് ഷാ എന്നിവരെയും ഞാൻ ഏറെ ഇഷ്ടപ്പെടുന്നു.

എനിക്ക് അമേരിക്കൻ സാഹിത്യത്തിലും ഇംഗ്ലീഷ് സാഹിത്യത്തിലും ബിരുദാനന്തര പഠനമുണ്ട്. അതുകൊണ്ട് വായന എന്റെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്.

**വായനക്കാരുടെ പ്രതികരണം താങ്കളുടെ അടുത്ത രചനകളെ സ്വാധീനിക്കാറുണ്ടോ?**

വായനക്കാരുടെ പ്രതികരണം വളരെ വിലപ്പെട്ടതാണ്.

'ബ്രോക്കൺ ചെയിൻസ്'ന് മികച്ച പ്രതികരണമാണ് ലഭിച്ചത്. വായനക്കാരുടെ വിലയിരുത്തലും വളരെ നല്ലതാണ്.

എഴുത്തുകാരൻ വായനക്കാരെ കേൾക്കണം. എന്നാൽ വായനക്കാർ പറയുന്നതനുസരിച്ച് കഥ എഴുതണമെന്നില്ല. അവരുടെ പ്രതികരണത്തിൽ നിന്ന് പഠിക്കണമെന്നാണ് എന്റെ നിലപാട്.

**നോവലിൽ കഥാപാത്രങ്ങളാണോ കഥയെ നയിക്കുന്നത്, അതോ എഴുത്തുകാരന്റെ ആശയമാണോ?**

കഥാപാത്രങ്ങൾ കഥയുടെ സാഹചര്യത്തിൽ നിന്ന് സ്വാഭാവികമായി ഉയർന്നുവരണം.

എന്റെ കഥാപാത്രങ്ങൾ എന്റെ വായ്പാത്രങ്ങളാകാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ഞാൻ വിശ്വസിക്കുന്ന കാര്യങ്ങൾ ഓരോ കഥാപാത്രവും എന്റെ പേരിൽ പറയുകയാണെങ്കിൽ അത് നല്ല എഴുത്തല്ല.

കഥാപാത്രങ്ങൾ കഥയുടെ സാംസ്കാരിക പശ്ചാത്തലത്തിനും വികാരലോകത്തിനും യുക്തിക്കും അനുയോജ്യമായിരിക്കണം. അവരുടെ സാംസ്കാരിക പശ്ചാത്തലവും മാനസിക സംഘർഷങ്ങളും പ്രവർത്തനങ്ങളും കഥയുടെ യുക്തിയുമായി പൊരുത്തപ്പെടണം.

**ഇത്രയും നീണ്ട അക്കാദമിക ജീവിതത്തിനിടയിൽ എഴുത്തിനായി സമയം എങ്ങനെ കണ്ടെത്തി?**

സത്യത്തിൽ വളരെ ബുദ്ധിമുട്ടായിരുന്നു.

ടൊളീഡോ സർവകലാശാലയിൽ ഞാൻ മാനവിക വിഷയങ്ങളും എഴുത്തും പഠിപ്പിച്ചു. ഇംഗ്ലീഷ് മാതൃഭാഷയായ വിദ്യാർഥികളെ ഇംഗ്ലീഷ് എഴുത്ത് പഠിപ്പിച്ചതും എന്റെ ജീവിതത്തിലെ വലിയ വെല്ലുവിളികളിലൊന്നായിരുന്നു.

പിന്നീട് ഞാൻ ഭരണരംഗത്തേക്ക് മാറി. ഡയറക്ടർ, ഡിവിഷണൽ ഡയറക്ടർ, എക്സിക്യൂട്ടീവ് ഡയറക്ടർ തുടങ്ങിയ പദവികൾ വഹിച്ചു. ഒടുവിൽ കാലിഫോർണിയയിലെ ഒരു സർവകലാശാലയുടെ വൈസ് ചാൻസലറായി.

20 വർഷത്തിലധികം എന്റെ വീടിന് ഏകദേശം 75 മൈൽ അകലെ പോയി ജോലി ചെയ്തു. രാവിലെ അഞ്ചിന് എഴുന്നേറ്റ് ആറുമണിയോടെ തയ്യാറായി ആറരയോടെ വീട്ടിൽ നിന്ന് പുറപ്പെടും. ദീർഘമായ യാത്രയും ഏകദേശം പത്ത് മണിക്കൂർ ജോലിയും കഴിഞ്ഞ് വൈകുന്നേരം വീട്ടിലെത്തും.

അതിനാൽ എഴുത്തിനായി സമയം കണ്ടെത്താനായില്ല.

പക്ഷേ വായന ഞാൻ ഒരിക്കലും ഉപേക്ഷിച്ചില്ല. എന്റെ താൽപര്യം ജീവനോടെ നിലനിർത്തി.

64-ാം വയസ്സിൽ വിരമിച്ചശേഷമാണ് ആഴത്തിൽ വായിക്കാനും തത്ത്വചിന്ത പഠിക്കാനും എഴുതാനും സമയം ലഭിച്ചത്.

**വിജയകരമായ അക്കാദമിക ജീവിതം അവസാനിപ്പിച്ച് എഴുത്തിലേക്ക് തിരിയുന്നത് അപകടകരമായ തീരുമാനമായിരുന്നോ?**

അങ്ങനെയൊരു വലിയ സാമ്പത്തിക അപകടം എനിക്ക് ഉണ്ടായിരുന്നില്ല.

നല്ലൊരു പെൻഷനോടെയാണ് ഞാൻ വിരമിച്ചത്. അക്കാദമിക എക്സിക്യൂട്ടീവായി വർഷങ്ങളോളം ജോലി ചെയ്തതിനാൽ സാമ്പത്തികമായി സുരക്ഷിതമായിരുന്നു.

അതിനാൽ വിരമിച്ച ശേഷം ഒന്നും ചെയ്യാതെ ഇരിക്കാമായിരുന്നു. പക്ഷേ എഴുത്ത് എന്റെ ജീവിതത്തിലെ പഴയ ആഗ്രഹമായിരുന്നു.

അത് പിന്തുടരാനുള്ള സമയമെത്തിയെന്ന് എനിക്ക് തോന്നി.

**അക്കാദമിക രംഗത്തെ താങ്കളുടെ പ്രധാന നേട്ടങ്ങളെക്കുറിച്ച് പറയാമോ?**

കാലിഫോർണിയയിൽ സാമ്പത്തിക വികസന-കോർപ്പറേറ്റ് പരിശീലന രംഗത്ത് പ്രവർത്തിക്കുമ്പോൾ മനുഷ്യവിഭവശേഷി വികസനത്തിന് വലിയ പ്രാധാന്യം നൽകി.

മത്സരാധിഷ്ഠിത ഗ്രാന്റുകളിലൂടെ ഏകദേശം 25 മില്യൺ ഡോളറിന്റെ ഫെഡറൽ, സംസ്ഥാന ഫണ്ടുകൾ സമാഹരിക്കാൻ കഴിഞ്ഞു. ആ പദ്ധതികളിലൂടെ 100 മില്യൺ ഡോളറിലധികം സാമ്പത്തിക തിരിച്ചുവരവ് ഉണ്ടായി.

കോർപ്പറേഷനുകളുമായി ചേർന്ന് അവരുടെ ജീവനക്കാരുടെ കഴിവുകൾ മെച്ചപ്പെടുത്തുകയായിരുന്നു പ്രധാന ലക്ഷ്യം. മനുഷ്യരിൽ നിക്ഷേപിച്ചാൽ അവരുടെ ഉൽപ്പാദനക്ഷമത ഉയരും. അതാണ് യഥാർത്ഥ മനുഷ്യവിഭവ വികസനം.

ഒഹായോയിലും കാലിഫോർണിയയിലും അക്കാദമിക നേതൃത്വത്തിനുള്ള നിരവധി പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. 1998-ൽ ഒഹായോ തുടർവിദ്യാഭ്യാസ സംഘടനയുടെ പുരസ്കാരവും 2012-ൽ കാലിഫോർണിയ കമ്മ്യൂണിറ്റി കോളേജസ് അസോസിയേഷന്റെ നേതൃത്വ മികവിനുള്ള പുരസ്കാരവും ലഭിച്ചു.

**യുവ എഴുത്തുകാർക്ക് താങ്കളുടെ സന്ദേശം എന്താണ്?**

വേഗം തുടങ്ങുക.

എഴുത്തുകാരനാകണമെങ്കിൽ എഴുതിത്തുടങ്ങുക. താങ്കൾക്കറിയാവുന്ന കാര്യങ്ങളെക്കുറിച്ച് എഴുതുക. താങ്കളുടെ അനുഭവങ്ങളെക്കുറിച്ച് എഴുതുക. ജീവിതത്തിൽ താങ്കൾ കാണുന്ന ചെറിയ കാര്യങ്ങളെക്കുറിച്ച് എഴുതുക.

'ശരിയായ സമയം' വരുന്നത് കാത്തിരിക്കരുത്.

അതോടൊപ്പം സാമൂഹ്യനീതി, മനുഷ്യാവകാശം, നൈതികത എന്നിവയെക്കുറിച്ചും ചിന്തിക്കണം.

മനുഷ്യസംസ്കാരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിലൊന്നാണ് നൈതികത. നൈതികത ഇല്ലാതെ ഒരു സമൂഹത്തിനും മുന്നോട്ടുപോകാനാവില്ല.

മറ്റൊരാളുടെ മനുഷ്യഗൗരവത്തെ ബഹുമാനിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

**പുതിയൊരു കൃതി തുടങ്ങുമ്പോഴുള്ള താങ്കളുടെ എഴുത്തുരീതി എങ്ങനെയാണ്?**

ഞാൻ വളരെയധികം ഗവേഷണം നടത്തും.

എനിക്ക് നിരവധി നോട്ട്ബുക്കുകളുണ്ട്. ജീവിതത്തിൽ ശ്രദ്ധിക്കുന്ന കാര്യങ്ങളും ആശയങ്ങളും അവയിൽ കുറിച്ചുവെക്കും. ചിലപ്പോൾ രാത്രി ഉറക്കത്തിൽ നിന്ന് എഴുന്നേറ്റിട്ട് പോലും ഒരു ആശയം വന്നാൽ അത് കുറിച്ചുവെക്കും.

'ബ്രോക്കൺ ചെയിൻസ്' ചരിത്രപരമായ പശ്ചാത്തലമുള്ള നോവലായതിനാൽ ചരിത്രപരമായ വിവരങ്ങൾ പരമാവധി കൃത്യമായിരിക്കണമെന്ന് ഞാൻ ശ്രദ്ധിച്ചു.

കഥ സാങ്കൽപ്പികമാകാം. പക്ഷേ അതിന്റെ അടിസ്ഥാന ചരിത്രം ശരിയായിരിക്കണം.

കഥാപാത്രങ്ങളുടെ പേരുകൾ തിരഞ്ഞെടുക്കുന്നതിലും ഞാൻ ഏറെ ശ്രദ്ധിക്കുന്നു. പേര് വെറും ഒരു പേര് മാത്രമല്ല. അതിന് ഒരു അർഥമുണ്ട്; കഥാപാത്രത്തിന്റെ വ്യക്തിത്വത്തിന്റെ ഭാഗമാകാനും അതിന് കഴിയും.

ഇപ്പോൾ മൂന്നാമത്തെ നോവലിന്റെ പണിപ്പുരയിലാണ് ഞാൻ. അതിനായി ധാരാളം കുറിപ്പുകളും വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്.

**കേരളത്തിലേക്ക് അവസാനമായി പോയത് എപ്പോഴാണ്?**

എന്റെ അമ്മ മരിച്ച സമയത്താണ് അവസാനമായി കേരളത്തിലെത്തിയത്.

**കുടുംബത്തെക്കുറിച്ച് പറയാമോ?**

എന്റെ ഭാര്യയുടെ പേര് ബീന സുസൻ ഐസക്ക്. അവർ മലയാളിയാണ്, പക്ഷേ തമിഴ്നാട്ടിലാണ് വളർന്നത്. സർവകലാശാലാ വിദ്യാഭ്യാസത്തിന് ശേഷം അക്കാദമിക രംഗത്ത് പ്രവർത്തിക്കുകയും പിന്നീട് ഡയറക്ടറും ഡീനുമായി സേവനമനുഷ്ഠിക്കുകയും ചെയ്തു. ഇപ്പോൾ വിരമിച്ചിരിക്കുകയാണ്.

ഞങ്ങൾക്ക് രണ്ട് മക്കളുണ്ട്. സോണിയയും ഷോണും.

മകൾ സോണിയ മെഡിക്കൽ പ്രൊഫഷണലാണ്. ഭർത്താവിനൊപ്പം അവർ ഒരു വലിയ ശസ്ത്രക്രിയാകേന്ദ്രം ആരംഭിച്ചിട്ടുണ്ട്.

മകൻ ഷോണും വളരെ മികച്ച കോർപ്പറേറ്റ് കരിയർ നേടിയ വ്യക്തിയാണ്. ഒരു ബില്യൺ ഡോളർ മൂല്യമുള്ള കോർപ്പറേഷന്റെ മുഖ്യ നിർവാഹക ഉദ്യോഗസ്ഥനാണ്.

എനിക്ക് കുടുംബം നൽകുന്ന പിന്തുണ വളരെ വലുതാണ്. ഞാൻ സത്യത്തെ അന്വേഷിക്കുന്ന ഒരു ബൗദ്ധിക യാത്രയിലാണ്. എന്റെ ചിന്തകളോട് അവർ എല്ലായ്പ്പോഴും യോജിക്കണമെന്നില്ല. പക്ഷേ എന്റെ അന്വേഷണസ്വാതന്ത്ര്യത്തെ അവർ പിന്തുണച്ചു. അത് എനിക്ക് വളരെ പ്രധാനപ്പെട്ടതാണ്.

### കേരളത്തിലേക്ക് തിരിച്ചെത്തണമെന്ന് തോന്നുന്ന ഒരു പ്രത്യേക സ്ഥലം ഉണ്ടോ?


കേരളം ലോകത്തിലെ ഏറ്റവും മനോഹരമായ സ്ഥലങ്ങളിലൊന്നാണ്. അതിന്റെ സംസ്കാരത്തിൽ നമുക്ക് അഭിമാനിക്കാം.

അതേസമയം, കേരളത്തിൽ സംഭവിക്കുന്ന ചില സാംസ്കാരികവും നൈതികവുമായ മാറ്റങ്ങൾ എന്നെ ആശങ്കപ്പെടുത്തുന്നുണ്ട്.

യൂട്യൂബ്, ഇന്റർനെറ്റ്, സാമൂഹികമാധ്യമങ്ങൾ എന്നിവയുടെ സ്വാധീനം സമൂഹത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കുടുംബത്തിനുള്ളിലെ അക്രമത്തെക്കുറിച്ചുള്ള വാർത്തകൾ പോലും ഇപ്പോൾ കാണുന്നു.

കേരളത്തിന് സ്വന്തമായൊരു സാംസ്കാരിക പാരമ്പര്യമുണ്ടായിരുന്നു. അതിൽ പ്രശ്നങ്ങളില്ലായിരുന്നുവെന്ന് ഞാൻ പറയുന്നില്ല. സ്ത്രീകളുടെ അധീനത അതിലെ ഒരു പ്രശ്നമായിരുന്നു.

ഞാൻ ഒരു സ്ത്രീപക്ഷവാദിയാണ്. സ്ത്രീകൾക്കും പുരുഷന്മാർക്ക് തുല്യമായ സ്വാതന്ത്ര്യവും അവകാശങ്ങളും ലഭിക്കണം എന്ന് ഞാൻ വിശ്വസിക്കുന്നു.



പക്ഷേ, നമ്മുടെ സംസ്കാരത്തെ മെച്ചപ്പെടുത്തുന്നതിനുപകരം മറ്റുള്ള സംസ്കാരങ്ങളുടെ ഏറ്റവും മോശം വശങ്ങൾ സ്വീകരിക്കുന്ന പ്രവണത എന്നെ ആശങ്കപ്പെടുത്തുന്നു.

ഞാൻ വളരെ ലിബറൽ ചിന്താഗതിയുള്ള വ്യക്തിയാണ്. എന്നിരുന്നാലും, നൈതിക അധഃപതനം എന്നെ അസ്വസ്ഥനാക്കുന്നു.

ഒരു എഴുത്തുകാരനെന്ന നിലയിൽ ഞാൻ വിശ്വസിക്കുന്ന കാര്യങ്ങൾ തുറന്ന് പറയേണ്ട ഉത്തരവാദിത്വം എനിക്കുണ്ട്.

### മലയാള സാഹിത്യം ഇപ്പോഴും വായിക്കാറുണ്ടോ?

സത്യമായി പറഞ്ഞാൽ ഇപ്പോൾ മലയാള സാഹിത്യം വായിക്കാറില്ല.

എനിക്ക് മലയാളത്തോട് വലിയ സ്നേഹമുണ്ട്. രണ്ടാമത്തെ ഭാഷയായി മലയാളം പഠിച്ചിരുന്നെങ്കിൽ എന്ന് പലപ്പോഴും ആഗ്രഹിക്കാറുണ്ട്.

പക്ഷേ കോളേജിൽ ഞാൻ ഹിന്ദിയാണ് എടുത്തത്.

മലയാളത്തിൽ മികച്ച എഴുത്തുകാർ ഉണ്ടെന്ന് അറിയാം. തകഴിയെ വലിയ ഇഷ്ടമാണ്. അധികം കൃതികൾ വായിക്കാൻ അവസരം ലഭിച്ചിട്ടില്ല.

### താങ്കളുടെ അക്കാദമിക ജീവിതത്തിൽ ലഭിച്ച അംഗീകാരങ്ങളെക്കുറിച്ച് കുറച്ചു കൂടി പറയാമോ?

എന്റെ അക്കാദമിക ജീവിതത്തിലാണ് പ്രധാനപ്പെട്ട അംഗീകാരങ്ങൾ ലഭിച്ചത്.

ഒഹായോയിൽ തുടർവിദ്യാഭ്യാസ രംഗത്ത് നേതൃത്വത്തിനുള്ള പുരസ്കാരം ലഭിച്ചു. കാലിഫോർണിയയിൽ തൊഴിൽപരിശീലനവും സാമ്പത്തിക വികസനവും ലക്ഷ്യമാക്കി നടത്തിയ പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാനതല അംഗീകാരവും ലഭിച്ചു.

സാമ്പത്തിക വികസന-കോർപ്പറേറ്റ് പരിശീലന രംഗത്ത് പ്രവർത്തിച്ചപ്പോൾ കോർപ്പറേഷനുകളുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനായി മനുഷ്യവിഭവശേഷിയിൽ നിക്ഷേപിക്കുന്ന പദ്ധതികൾക്ക് നേതൃത്വം നൽകി.

ഏകദേശം 25 മില്യൺ ഡോളർ ഗ്രാന്റുകൾ സമാഹരിച്ചതും അതിലൂടെ 100 മില്യൺ ഡോളറിലധികം സാമ്പത്തിക തിരിച്ചുവരവ് സൃഷ്ടിച്ചതും എന്റെ ഔദ്യോഗിക ജീവിതത്തിലെ പ്രധാന നേട്ടങ്ങളിലൊന്നാണ്.

### സ്വപ്നമായി ഇനിയും

**ബാക്കിനിൽക്കുന്നത് എന്താണ്?**

ഇനിയും എഴുതപ്പെടേണ്ട ഒരു 'മാസ്റ്റർപീസ്' ആണ് എന്റെ സ്വപ്നം. 'ബ്രോക്കൺ ചെയിൻസ്' എനിക്ക് വളരെ പ്രധാനപ്പെട്ട കൃതിയാണ്. പക്ഷേ അതിനെ എന്റെ ഏറ്റവും മികച്ച കൃതിയെന്ന് ഞാൻ കരുതുന്നില്ല.

ഇപ്പോൾ മൂന്നാമത്തെ നോവലിന്റെ പണിപ്പുരയിലാണ്. ഒരുപക്ഷേ ഞാൻ വർഷങ്ങളായി എന്നിൽ ഒരുക്കിക്കൊണ്ടിരിക്കുന്ന ആ കൃതി അതായിരിക്കാം.

**താങ്കളുടെ എഴുത്തിന്റെ കേന്ദ്രത്തിൽ നിൽക്കുന്ന ആശയങ്ങൾ ഏതൊക്കെയാണ്?**

മനുഷ്യഗൗരവം.

സാമൂഹ്യനീതി.

മനുഷ്യാവകാശം.

ഇന്ത്യയിലെ ജാതിവ്യവസ്ഥയെയും അതിന്റെ ഭാഗമായി ഇന്നും മാനസികമായി അടിച്ചമർത്തപ്പെടുന്ന ദളിത് സമൂഹത്തെയും കുറിച്ച് എനിക്ക് വലിയ ആശങ്കയുണ്ട്.

എന്നാൽ വിഷയം ജാതിയിൽ മാത്രം ഒതുങ്ങുന്നില്ല.

ഒരു ഭൂരിപക്ഷമോ അധികാരമുള്ള ഒരു വിഭാഗമോ മറ്റൊരു വിഭാഗത്തെ താഴ്ന്നവരായി കാണുമ്പോഴെല്ലാം അതൊരു മനുഷ്യാവകാശ പ്രശ്നമായി മാറുന്നു. അത് ജാതിയായിരിക്കാം, വംശമായിരിക്കാം, മതമായിരിക്കാം, മറ്റേതെങ്കിലും തിരിച്ചറിയലായിരിക്കാം.

മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയുക എന്നതാണ് ഏറ്റവും വലിയ സാമൂഹിക പരിഷ്കാരം.

**ഈ സംഭാഷണത്തിലൂടെ വായനക്കാർ ഡോ. മാത്യു കെ. ഐസക്കിൽ നിന്ന് എന്താണ് കണ്ടെത്തണമെന്ന് താങ്കൾ ആഗ്രഹിക്കുന്നത്?**

ഞാൻ സാമൂഹ്യനീതിയിലും മനുഷ്യാവകാശങ്ങളിലും വളരെ ആഴത്തിൽ വിശ്വസിക്കുന്ന ഒരാളാണെന്ന് വായനക്കാർ മനസ്സിലാക്കണം.

ഇന്ത്യയിലെ ജാതിശ്രേണി വ്യവസ്ഥയെക്കുറിച്ച് എനിക്ക് ഇപ്പോഴും വലിയ ആശങ്കയുണ്ട്. ദളിത് സമൂഹം അനുഭവിക്കുന്ന സാമൂഹികവും മാനസികവുമായ അടിച്ചമർത്തലിനെ നാം അവഗണിക്കരുത്.

അതോടൊപ്പം, ഒരു വലിയ മനുഷ്യാവകാശ സന്ദേശം കൂടി എന്റെ എഴുത്തിലുണ്ട്.

ഒരു മനുഷ്യന്റെ ജനനം അവന്റെ മൂല്യം നിർണയിക്കുന്നില്ല.


ഒരു മനുഷ്യന്റെ മതം അവന്റെ ഗൗരവം നിർണയിക്കുന്നില്ല.

ഒരു മനുഷ്യന്റെ ജാതിയോ നിറമോ സാമൂഹിക പദവിയോ അവന്റെ മനുഷ്യത്വത്തേക്കാൾ വലുതല്ല.

എന്റെ എഴുത്തിലൂടെ ഈ തിരിച്ചറിവിലേക്ക് ഒരാളെയെങ്കിലും എത്തിക്കാൻ കഴിഞ്ഞാൽ അതാണ് എന്റെ ഏറ്റവും വലിയ നേട്ടം.

ഒടുവിൽ, ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഇത്രമാത്രമാണ് ഓരോ മനുഷ്യനും ഗൗരവത്തോടെ ജീവിക്കാനുള്ള അവകാശമുണ്ട്. ആ അവകാശത്തെ ബന്ധിക്കുന്ന എല്ലാ ചങ്ങലകളും ഒരുനാൾ തകരണം.




ABEL'S GARDEN PVT LTD
Karimannoor P.O. Thodupuzha, Idukki,
Kerala, India PIN. 685581
Email/ Phone : hello@abelsgarden.in
Tel:+917034413000, +917034643000, +919778050077

പുസ്തക പരിചയം - 26

# അറുപതിൽ അറുപത്

## (ലേഖനം/കഥ) രാജു മൈലപ്രാ



തയ്യാറാക്കിയത് -
ബാജി ഓടംവേലി, ഡാലസ്

ജീവിതത്തിലെ ഓരോ നാഴികക്കല്ലും പിന്നിടുമ്പോൾ ഒന്നു തിരിഞ്ഞ് നോക്കുന്നത് നല്ലതാണ്. താണ്ടിവന്ന വഴികൾ കണ്ടൊന്നഭിമാനം കൊള്ളാൻ, തെല്ലൊന്ന് തല ഉയർത്തി നിൽക്കാൻ. കുറ്റങ്ങളും കുറവും ഉണ്ടെങ്കിൽ വേണ്ട മാറ്റങ്ങൾ വരുത്തി മുന്നേറാനൊക്കെ അത് സഹായിക്കും. തനിക്ക് ഈ ഭൂമിയിൽ അറുപതു വർഷം പൂർത്തീകരിക്കുവാനുള്ള അവസരം കൈവന്നപ്പോൾ, അറുപതിന്റെ ഓർമ്മയ്ക്ക് അതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ള കഥകളിൽ നിന്നും അനുഭവക്കുറിപ്പിൽ നിന്നും അറുപതെണ്ണം തെരഞ്ഞെടുത്താണ് അറുപതിൽ അറുപത് എന്ന ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഈ പുസ്തകത്തിൽ കഥകൾക്കു പുറമേ ചില കവിതകളും ലേഖനങ്ങളും കൂടെ ഇടം പിടിച്ചിട്ടുണ്ട്.

താൻ കണ്ടചില കാര്യങ്ങൾ, കേട്ട ചില സത്യങ്ങൾ അതിൽ നിന്നും സഹജീവികൾ അത്യാവശ്യം അറിഞ്ഞിരിക്കേണ്ടവ, അല്പസ്വല്പം അതിശയോക്തി കലർത്തി ഹാസ്യത്തിന്റെ മേമ്പോടി ചേർത്ത് ജനശ്രദ്ധയിൽ കൊണ്ടുവരുവാനുള്ള ശ്രമമാണ് ഈ കഥകൾ. ആദ്യകാല അമേരിക്കൻ മലയാളിയുടെ അനുഭവങ്ങൾ, ജീവിത രീതികൾ, പാളിച്ചകൾ ഇവയൊക്കെയാണ് കഥകൾക്ക് വഴിമരുന്നായത്. അനുഭവങ്ങളിൽ നിന്നും പാളിച്ചകളിൽ നിന്നും സ്വയം പഠിച്ച കാര്യങ്ങൾ കഥയായി വായനക്കാർക്കു ലഭിച്ചതിലൂടെ അവർക്കും ചിലതൊക്കെ പഠിക്കുവാനും ജീവിതത്തിൽ പ്രയോജനപ്പെടുത്തുവാനും സാധിക്കും.

കഥകൾ എഴുതിയ കാലഘട്ടങ്ങൾ തമ്മിൽ വലിയ അന്തരമുള്ളതിനാൽ ഓരോ കഥയും എഴുതിയ മാസവും വർഷവും കൂടെ ചേർത്തിട്ടുണ്ട്. ഒരു തലമുറയുടെ ഘട്ടംഘട്ടമായുള്ള ജീവിത രീതിയുടെ ഒരു ഏകദേശരൂപം ഇതിലൂടെ വായനക്കാർക്ക് മനസ്സിലാക്കാൻ സാധിക്കും. അമേരിക്കൻ മലയാളിയുടെ ജീവചരിത്രത്തിന്റെ രേഖാചിത്രമാണ് ഈ കഥകൾ.

അമേരിക്കൻ മലയാളികളുടെ ജീവിതത്തിൽ കാണപ്പെടുന്ന നർമ്മമധുരമായ അനുഭവങ്ങളെ ആർക്കും അലോസരം ഉണ്ടാക്കാത്ത വിധത്തിൽ പറഞ്ഞു ഫലിപ്പിക്കാൻ അനിതരസാധാരണമായ കഴിവുള്ള ആളാണ് രാജു മൈലപ്രായെന്ന് ഇതിനോടകം എല്ലാവർക്കും അറിയാം. കാവ്യാത്മകവും, പ്രസാദമധുരവും ആയ ശൈലിയിലൂടെ സഹൃദയ ഹൃദയങ്ങളിൽ ദാർശനിക ചിന്തകൾ പാകിപ്പിടിപ്പിക്കുന്നവയാണ് ഇദ്ദേഹത്തിന്റെ കഥകൾ.

ഈ പുസ്തകത്തിലെ 'അവൻ കള്ളനെപ്പോലെ വന്നു' എന്ന കഥ 1976 ജനുവരിയിൽ എഴുതിയതാണ്. അമേരിക്കയിൽ ജോലിയുള്ള പണക്കാരിയും

പരിഷ്ക്കാരിയുമായ കൊച്ചമ്മിണിയെ കല്ല്യാണം കഴിച്ച് അമേരിക്കയിലേക്ക് ആദ്യമായി വരുന്ന കൊച്ചാപ്പിയുടെ കഥയാണിത്. കൊച്ചമ്മിണിക്ക് സർപ്രൈസ് കൊടുക്കാനായിട്ടാണ് വരുന്ന കാര്യം അവളെ അറിയിക്കാതെ വന്നത്. എങ്കിലും കൊടുത്ത സർപ്രൈസ് ഒരു ഒന്നൊന്നര സർപ്രൈസായിരുന്നു.

'ഒരു കവിയുടെ മരണം' എന്ന കഥ 1992 ഡിസംബറിൽ വെളിച്ചം കണ്ടതാണ്. കൃഷ്ണൻകുട്ടി എന്ന പാവത്താൻ പാർത്ഥസാരഥി എന്ന പേരിൽ പ്രശസ്തനായ കവിയാകുന്ന കഥയാണിത്. കവിയുടെ ജനനം മുതൽ മരണം വരെ വിവരിക്കുമ്പോൾ കളിയായും കാര്യമായും കവിയേയും സമൂഹത്തേയും വിമർശിക്കുന്നുണ്ട്. ഈ വിമർശനങ്ങളോക്കെ ഇന്നും പ്രസക്തമാണ്.

'ബട്ടൺസ്' എന്നത് വലുപ്പത്തിൽ വളരെ ചെറിയൊരു കഥയാണെങ്കിലും വിശാലമായ അർത്ഥതലങ്ങളുള്ള കഥയാണ്. ചെറുപ്പത്തിൽ കഥാനായകന്റെ ഷർട്ടിൽ മൂന്നു ബട്ടൺസുകളേ ഉണ്ടായിരുന്നുള്ളൂ. നാലോ അതിലധികമോ ബട്ടൺസുകളുള്ള ഷർട്ടിടുന്നവരെ കാണുമ്പോൾ സ്വാഭാവികമായും അസൂയ ഉണ്ടാകുമല്ലോ. വർഷങ്ങൾക്ക് ശേഷം അഞ്ചോ ആറോ നൂറോ ബട്ടൺസുള്ള ഷർട്ട് വാങ്ങിക്കാനുള്ള കഴിവുണ്ടായപ്പോഴേക്കും, ബട്ടൺസുകളുടെ ഭംഗി ആസ്വദിക്കാനുള്ള കഴിവും അവയുടെ നിറത്തെപ്പറ്റി ആലോചിക്കുവാനുള്ള സമയവും ഇല്ലാതായതായി കഥാനായകൻ പരിതപിക്കുന്നത് ഇന്നിന്റെയും അനുഭവമാണ്

വെൽക്കം ടു അമേരിക്ക, അളിയാ ഞാനും അച്ചനായി, പൂമുഖവാതിലിൽ, ഹരിത വിപ്ളവം, ദന്ത വിചാരം, സ്വർഗ്ഗവാതിൽ, അരിമണിപ്രാവ്, പുരോഹിതൻ തുടങ്ങിയയൊക്കെ ഈ സമാഹാരത്തിലെ മികച്ച കഥകളാണ്. എല്ലാവർക്കും മനസ്സിലാകുന്ന ലളിതമായ ഭാഷയിലാണ് കഥകൾ പറഞ്ഞിരിക്കുന്നത്.

അമേരിക്കൻ മലയാളികൾക്കിടയ്ക്ക് ഇതിനകം തന്നെ ലബ്ധപ്രതിഷ്ഠ നേടിയ നർമ്മസാഹിത്യകാരനാണ് രാജു മൈലപ്രാ, പൊട്ടിച്ചിരിച്ചു കൊണ്ടു വെറുതെ വായിച്ചു പോകുന്ന കഥകൾ മാത്രമാണിവയെന്ന് കരുതുന്നത് ശരിയല്ല. പുറമേയുള്ള ഹാസ്യത്തിനു പിന്നിൽ ചില പ്രധാനപ്പെട്ട ജീവിത പാഠങ്ങൾ ഒളിഞ്ഞിരിപ്പുണ്ടെന്ന് ലളിതാംബിക ഐ.എ.എസ് അഭിപ്രായപ്പെടുന്നു.

'സ്വതസിദ്ധമായ ഹാസ്യത്തിന്റെ ഉടമ' എന്നു പറഞ്ഞ് പ്രസിദ്ധനിരൂപകൻ പ്രൊഫ. എം. കൃഷ്ണൻ നായർ ഇദ്ദേഹത്തെ അഭിനന്ദിച്ചിട്ടുണ്ട്.

രാജുവിൽ പൊങ്ങച്ചം തീരെയില്ലാത്ത ഒരു സഹൃദയനുണ്ട്. അദ്ദേഹത്തിന്റെ ഹാസ്യരചനകൾ അതു വെളിവാക്കുന്നു. ചിരിപ്പിക്കാനും ചിരിക്കാനുമുള്ള കഴിവ് ദൈവം അറിഞ്ഞു നൽകിയതാണ്. അതങ്ങനെ നിലനിൽക്കട്ടെയെന്ന് പി. സി. സനിൽ കുമാർ ഐ. എ. എസ്. ആശംസിച്ചിരിക്കുന്നു.

തന്റെ എഴുത്ത് കഥയാണോ കവിതയാണോ ലേഖനമാണോ എന്ന് നിരൂപകർ തർക്കിക്കുമ്പോഴും ഇദ്ദേഹം നിരന്തരമായ എഴുത്തിലൂടെ വായനക്കാരുടെ മനസ്സ് കീഴടക്കി മുന്നേറുകയാണ്.

രാജു മൈലപ്രാ (ജോർജ്ജ് വറുഗീസ്)

പത്തനംതിട്ട ജില്ലയിലെ മൈലപ്രാ പീടികയിൽ ഡോ. പി. റ്റി. ജോർജ്ജിന്റെയും സാറാമ്മ ജോർജ്ജിന്റെയും മകനായി 1951 ൽ ജനനം. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നിന്നും ഇംഗ്ളീഷ് സാഹിത്യത്തിൽ ബിരുദവും, റെയ് പൂർ രവിശങ്കർ യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തര ബിരുദവും നേടി.

ബോംബെ സർദാർ പട്ടേൽ ഇംഗ്ളീഷ് മീഡിയം സ്കൂൾ, കൊട്ടാരക്കര കിംഗ്സ് കോളേജ് എന്നിവിടങ്ങളിൽ അദ്ധ്യാപകനായിരുന്നു. 1974 മുതൽ അമേരിക്കയിൽ കുടിയേറി. ഇപ്പോൾ ഫ്ളോറിഡായിലെ ജിബ്സൺന്റണിൽ താമസിക്കുന്നു.

മാധ്യമപ്രവർത്തകൻ, ഫ്രീലാൻസ് എഴുത്തുകാരൻ, 'അശ്വമേധം' ഓൺലൈൻ പോർട്ടലിന്റെ ചീഫ് എഡിറ്റർ എന്നീ നിലകളിൽ പ്രശസ്തനാണ്. വിവിധ സാമുദായിക സാംസ്കാരിക സാഹിത്യ സംഘടനകൾക്ക് നേതൃത്വം നൽകി. ഫൊക്കാനാ, ഫോമാ, ലാന കൺവെൻഷനുകളിലെ 'ചിരിയരങ്ങി' ന്റെ അവതാരകനായിരുന്നു.

ബാലസാഹിത്യം, കഥ, നാടകം, ലേഖനം തുടങ്ങിയ വിവിധ സാഹിത്യശാഖകളിൽ കേരളാ സെന്റർ സാഹിത്യ പുരസ്കാരം, ഇമലയാളിയുടെ ജനപ്രീയ എഴുത്തുകാരനുള്ള അവാർഡ്, ഫൊക്കാനയുടെ മുണ്ടശ്ശേരി അവാർഡ് തുടങ്ങി നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

എന്റെ ഹണി (കഥ), പിരിവിളക്കം (ലേഖനം), സ്നേഹത്തോടെ (കഥ) അച്ചൻകോവിലാറ് (നോവൽ), അന്നാമ്മച്ചേടത്തിക്കൊരുമ്മ (ഹാസ്യ നാടകം), എനിക്കു നരകം മതി (നാടകം), ആനപ്പാറ അവറാച്ചൻ (നാടകം), മൈലപ്രാക്കഥകൾ (കഥ), അറുപതിൽ അറുപത് (കഥ) തുടങ്ങിയവ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. ആനുകാലികങ്ങളിലും നവമാധ്യമങ്ങളിലും നർമ്മലേഖനങ്ങളും കഥയും എഴുതുന്നു.

ഭാര്യ :- പുഷ്പ വറുഗീസ്

# പ്രതിസന്ധികളെ നേട്ടങ്ങളാക്കി മാറ്റണം: മിലൻ വാർഷികത്തിൽ ടി. ഡി രാമകൃഷ്ണൻ




അബ്ദുൽ പുന്നയൂർക്കുളം

ഡിട്രോയ്റ്റിലും പരിസരത്തുമുള്ള മലയാളി എഴുത്തുകാരുടെയും സാഹിത്യാസ്വദകരുടെയും കൂട്ടായ്മയായ മിലന്റെ (മിഷിഗൺ ലിറ്ററി അസോസിയേഷൻ നോർത്ത് അമേരിക്ക) 27-ാം വാർഷികം ആഗസ്റ്റ് 16ന് മിഷിഗൺ വാറനിലെ പേരന്റ് അവന്യു ചർച്ചിൽ ഡോ. സുരേന്ദ്രൻ നായർ നഗർ എന്ന് നാമകരണം ചെയ്ത ഹാളിൽ വച്ച് നടന്നു.

കേരളത്തിൽ നിന്ന് മുഖ്യാതിഥിയായി എത്തിയ പ്രശസ്ത എഴുത്തുകാരൻ ശ്രീ ടി ഡി രാമകൃഷ്ണനെ യുവകവയിത്രി ശിവപ്രിയ ബൊക്കെ നൽകി സ്വീകരിച്ചു.

മലയാള സാഹിതീ വിവിധ കാലഘട്ടങ്ങളിൽ ദൃശ്യമാധ്യമങ്ങളുടെ ആവിർഭാവത്തോടെ, വായനയും എഴുത്തും നേരിട്ട വെല്ലുവിളികൾ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ അതിജീവിച്ചതിനെപ്പറ്റി ടി ഡി ഗഹനമായി സംസാരിച്ചു. സാഹിത്യത്തിൽ മാത്രമല്ല, വിദ്യാഭ്യാസത്തിലും തൊഴിലിലും സാങ്കേതിക വിദ്യകളിലും അനുഭവപ്പെടുന്ന പ്രതിസന്ധികളെ എങ്ങനെയെല്ലാം നിത്യജീവിതത്തിൽ ഗുണകരമാക്കാം എന്ന് അദ്ദേഹം ഉദാഹരണ സഹിതം വിവരിച്ചു .






മിലൻ പ്രസിഡന്റ് ആന്റണി മണലേലിന്റെ സ്വാഗതപ്രസംഗത്തോടെ മീറ്റിംഗ് ആരംഭിച്ചു. മിലൻറെ സന്തത സഹചാരിയായ തോമസ് കർത്തനാൾ മിലൻറെ സ്ഥാപക പ്രസിഡണ്ടായ ഡോ. സുരേന്ദ്രൻ നായരുടെയും ട്രഷറർ പുരുഷോത്തമൻ നായരുടെയും വിയോഗത്തെ സ്മരിച്ചുകൊണ്ട് ഹൃദയസ്പർശിയായി സംസാരിച്ചു. മിലൻറെ വളർച്ചയുടെ നാൾവഴികളും നാളിതുവരെയുള്ള മിലൻറെ സർഗ്ഗസംഭാവനകളും എടുത്തു പറഞ്ഞു. മിലൻ സെക്രട്ടറി അബ്ദുൾ പുന്നയൂർക്കുളം, രാമകൃഷ്ണന്റെ കൃതികളെപ്പറ്റിയും ചലച്ചിത്രരംഗത്ത് അദ്ദേഹം വ്യക്തിമുദ്ര അടയാളപ്പെടുത്തിയതിനെപ്പറ്റിയും സദസ്സിന് പരിചയപ്പെടുത്തി.


ജയമുരളി നായർ, പ്രിയങ്ക തച്ചിൽ, ആന്റണി മണലേൽ, ബിന്ദു നമ്പ്യാർ എന്നിവരുടെ ഗാനാലാപനങ്ങളും കാവ്യാലാപനങ്ങളും തുടർന്ന് നടന്നു. വിവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്ക് ഫോമയുടെയും ഫൊക്കാനയുടെയും അംഗീകാരം നേടിയ രാജേഷ് നായർ, മാത്യു ചെരുവിൽ, സൈജൻ കണിയൊടിക്കൽ അബ്ദുൽ പുന്നയൂർക്കുളം എന്നിവരെയും മിലൻ ആദരിച്ചു.

തുടർന്ന് കവിയും സ്വതന്ത്ര ചിന്തകനുമായ ജെയിംസ് കുരീക്കാട്ടിൽ, 'ഒരു അവിശ്വാസിയുടെ പ്രാർത്ഥനകൾ' എന്ന കവിതാ സമാഹാരത്തിൽ നിന്നു രണ്ട് കവിതയും, പൊയ്മുഖങ്ങളെ തുറന്നുകാട്ടുന്ന 'എന്റെ ഫിലോസഫി' എന്ന കവിതയും ആലപിച്ചു.

ജോസഫ് മണലേൽ ശബ്ദവും വെളിച്ചവും നൽകി. നിത സുരേഷ് മോഡറേറ്റർ ആയിരുന്നു. മുൻ സെക്രട്ടറി ജെയിൻ മാത്യു മിലന് ആശംസകൾ അർപ്പിച്ചു. മിലൻറെ വാർഷികത്തിൽ പങ്കെടുത്ത എല്ലാവർക്കും ജോയന്റ് സെക്രട്ടറി ജെയ്മോൻ ജേക്കബ് നന്ദി പറഞ്ഞു






Malayalee
Literary Asso






# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see How much you can save with Allstate's New Car Discount*



Allstate®

You're in good hands.

CALL

**718 831 6500**

**Joseph V Thomas**

(റജി വലിയകാല)

256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years in Insurance Business

**We Offer 6 Hours Defensive Driving Course in NY/NJ**

പുസ്തക പരിചയം – 25

# മുൻപേ നടന്നവർ

## (അവതാരിക, കഥ, കവിത, ലേഖനം)

## ജെ. മാത്യൂസ്







പുസ്തക പരിചയം തയ്യാറാക്കിയത് –
ബാജി ഓടംവേലി, ഡാലസ്

അദ്ധ്യാപകൻ, വാഗ്മി, സംഘാടകൻ, നടൻ, എഴുത്തുകാരൻ, എഡിറ്റർ തുടങ്ങിയ നിലകളിൽ അമേരിക്കൻ മലയാളി സമൂഹത്തിന്റെ സ്നേഹാദരങ്ങൾ ധാരാളമായി അനുഭവിക്കുന്ന അനന്യ വ്യക്തിത്വമാണ് ജെ. മാത്യൂസ് സാർ.

താനൊരു നിരൂപകനോ വിമർശകനോ അല്ലെന്ന് പറയുകയും, സാഹിത്യ സൃഷ്ടികളുടെ മികവും കുറവും നിർണ്ണയിക്കാനുള്ള അളവുകോലൊന്നും തന്റെ പക്കൽ ഇല്ലെന്ന് പറഞ്ഞ് പരിമിതികൾ അറിയിച്ചിട്ടും, അതൊക്കെ അംഗീകരിച്ചു കൊണ്ടുതന്നെ അവതാരിക എഴുതാൻ ജെ. മാത്യുസ് സാറിനെ വിശ്വസിച്ച് ഏൽപ്പിച്ച അമേരിക്കയിലെ പ്രശസ്തരായ കഥാകൃത്തുക്കൾക്കും കവികൾക്കും തീർച്ചയായും ഇദ്ദേഹം ഗുരുതുല്യനാണ്.

'മുൻപേ നടന്നവരി'ലെ ചില ഭാഗങ്ങൾ മൂന്നു ദശാബ്ദത്തിലേറെ പഴക്കമുള്ളതാണ്. അന്നെടുത്ത പല ഫോട്ടോകളും തെളിമ നഷ്ടപ്പെട്ടവയാണെങ്കിലും,



അതൊക്കെ മനസ്സിലെ ഓർമ്മകളെ ഉണർത്തുവാൻ പര്യാപ്തമാണ്. ഈ പുസ്തകത്തിലെ മിക്ക ചിത്രങ്ങളും അമൂല്യമായ ചരിത്ര രേഖകളാണ്.

പൊലിയാത്ത പൊൻവിളക്ക് (സരോജ വർഗീസ്), അളിയന്റെ പടവലങ്ങ (ജോസ് ചെരിപ്പുറം), മോറിസ് മൈനർ (ഷാജു ജോൺ) എന്നീ കഥാസമാഹാരങ്ങളുടെ അവതാരികയും പുസ്തകങ്ങളുടെ അതേ പേരിലുള്ള കഥകളും ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.


സാമഗീതം (മാർഗരറ്റ് ജോസഫ്), കാമുകനെ ആവശ്യമുണ്ട് (സോയ നായർ), ഒറ്റ നക്ഷത്രം (ഉമ സജി) എന്നീ കവിതാ സമാഹാരങ്ങൾക്ക് ജെ. മാത്യൂസ് എഴുതിയ അവതാരികയും അവരുടെ ചില കവിതകളും ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്.

തോമസ് നീലാർമഠം എഡിറ്റ റായി പ്രസിദ്ധീകരിച്ച 'കഥാ ലോകത്തിലെ നറുനിലാവ്' എന്ന പുസ്തകത്തിൽ സരോജ വർഗീസ് എന്ന കഥാകാരിയുടെ സാമൂഹ്യ ജീവിതത്തേക്കുറിച്ചുള്ള 'സേവനത്തിന്റെ ദീപവുമായി ഒരു വനിത' എന്ന പഠനം കഥാകാരി സരോജ വർഗീസിനെ കൂടുതൽ അറിയാൻ സഹായിക്കും.

ലാന രജതജൂബിലി പ്രസിദ്ധീകരണമായ 'നടപ്പാത'യിലെ 'തുഞ്ചന്റെ കിളി അമേരിക്കയിൽ പാടുമ്പോൾ', കേരള ലിറ്റററി സൊസൈറ്റി ഡാളസ് പ്രസിദ്ധീകരിച്ച 'ഇതളുകൾ' എന്ന സമാഹാരത്തിലെ 'ഇതളുകൾ മറിക്കുമ്പോൾ', ഗുരുകുലത്തിന്റെ പത്താം വാർഷിക സുവനീറിലെ 'നന്ദിയോടെ', ലാനേയം 2015 ലെ 'തിരുമുൽക്കാഴ്ച', ലാനേയം 17 ലെ ആമുഖം, ജനനി ഒന്നാം ലക്കം 1999 ലെ 'ജനനി – എന്ത് എന്തിന് എങ്ങനെ?, ജനനി 25 ആം ജന്മദിനപ്പതിപ്പിലെ 'സത്യാനന്തര ചരിത്ര നിർമ്മിതി', തുടങ്ങിയ മികവുറ്റ അവതാരികകളൊക്കെ ഈ സമാഹാരത്തിൽ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഘർ വാപ്പസി – തിരിച്ചു പോകാം ഗുഹകളിലേക്ക്, ഇലാമപ്പഴച്ചാറ്, തുടങ്ങിയ തന്റെ ലേഖനങ്ങളും ഈ സമാഹാരത്തെ മനോഹരമാക്കുന്നു. വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ 'കേരള ദർശനം' 1991 മാഗസിനിൽ 'ഒരടി കൂടി മുന്നോട്ട്' എന്ന പേരിലുള്ള സന്ദേശവും ഈ സമാഹാരത്തിലുണ്ട്.

ജനനി മാസികയിൽ 1999 മുതൽ പ്രസിദ്ധപ്പെടുത്തിയ മുഖക്കുറിപ്പുകളുടെ സമാഹാരമായ 'ദർപ്പണം' എന്ന തന്റെ പുസ്തകത്തിലെ ആമുഖ പ്രസ്താവനയും അതിന് ഡോ. എം. വി. പിള്ള എഴുതിയ അവതാരികയും 'കൂടുതൽ നന്മയിലേക്ക്' എന്ന ജനനിയിലെ ഒരു മുഖക്കുറിപ്പും ഈ പുസ്തകത്തിലുണ്ട്. അമേരിക്കൻ മലയാള സാഹിത്യ നിരൂപണങ്ങൾ (സുധീർ പണിക്കവീട്ടിൽ) എന്ന പുസ്തകത്തിൽ 'സർഗാത്മകത ചാർത്തിനിൽക്കുന്ന മുഖക്കുറിപ്പുകൾ' എന്ന 'ദർപ്പണം' സമാഹാരത്തിനേക്കുറിച്ചുള്ള





നിരൂപണവും ഈ പുസ്തകത്തിന്റെ മാറ്റുകൂട്ടുന്നുണ്ട്.

ഫൊക്കാന (199698) യുടെയും ലാന (2017) യുടെയും സുവനീറുകളുടെ ആമുഖക്കുറിപ്പുകൾ മാത്രമല്ല, ഇവ രണ്ടിന്റെയും പ്രവർത്തനങ്ങളുടെയും ഭാരവാഹികളുടെയും ഫോട്ടോക്കൾ ഈ സമാഹാരത്തിൽ ചേർത്തിരിക്കുന്നത് ഓർമ്മപുതുക്കുവാൻ ഉപകരിക്കും.

മേൽപ്പറഞ്ഞ പുസ്തകങ്ങളുടെയൊക്കെ പുറംചട്ടകൾ ബഹുവർണ്ണത്തിൽ എഴുത്തുകാരുടെ ഫോട്ടോ ഉൾപ്പെടെ ഈ സമാഹാരത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് അവരുടെ പുസ്തകങ്ങളേക്കുറിച്ച് കൂടുതൽ പേർ അറിയാനും അതൊക്കെ വാങ്ങി വായിക്കാനും, എഴുത്തുകാരെ അടുത്തറിയാനും സഹായിക്കും.

എഴുത്തുകാരൻ എസ്. അനിലാൽ ആണ് അവതാരികകളുടെ ഈ സമാഹാരത്തിന് അവതാരിക എഴുതിയിരിക്കുന്നത്. ഈ സമാഹാരത്തിലെ മുഴുവൻ പേജുകളും ബഹുവർണ്ണത്തിലാണ് അച്ചടിച്ചിരിക്കുന്നത് എന്ന പ്രത്യേകതയും എടുത്തുപറയേണ്ടതാണ്. ന്യൂയോർക്കിൽ നിന്നുള്ള ജനനി പബ്ളിക്കേഷൻസ് പ്രസിദ്ധീകരിച്ചിരിക്കുന്ന 168 പേജുകളുള്ള ഈ പുസ്തകത്തിന്റെ വില 10 ഡോളറാണ്.

## ജെ. മാത്യൂസ്

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളിയിൽ മത്തായി ജോസഫിന്റെയും ഏലിക്കുട്ടി ജോസഫിന്റെയും മകനായി 1939 ജനനം. വയലാ, കടപ്ളാമറ്റം, മരങ്ങാട്ടുപള്ളി തുടങ്ങിയ സ്കൂളുകളിൽ പ്രാഥമിക വിദ്യാഭ്യാസം. പാലാ സെന്റ് തോമസ് കോളേജിൽ നിന്ന് ബി. എസ്സി, മാന്നാനം സെന്റ് ജോസഫ്സ് കോളേജിൽ നിന്ന് ബി. എഡ്., ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് എം. എസ്. എന്നിവ നേടി. കോട്ടയം ജില്ലയിലുള്ള പരിപ്പ് ഹൈസ്കൂളിൽ അദ്ധ്യാപകൻ, അസിസ്റ്റന്റ് പ്രിൻസിപ്പൽ എന്നീ നിലകളിൽ പ്രവർത്തിച്ചു.

ഫൊക്കാന പ്രസിഡന്റ് (1996 98), ഇന്ത്യാ പ്രസ്സ് ക്ളബ് ഓഫ് നോർത്ത് അമേരിക്കയുടെ സ്ഥാപകരിൽ ഒരാൾ - ആദ്യത്തെ വൈസ് പ്രസിഡന്റ്, ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന) യുടെ ട്രഷറർ (20142015) സെക്രട്ടറി (20162017), ഗുരുകുലം മലയാളം സ്കൂളിന്റെ (ന്യൂയോർക്ക്) സ്ഥാപകരിൽ ഒരാൾ - 1993 മുതൽ പ്രിൻസിപ്പൽ, ന്യൂയോർക്കിൽ നിന്ന് പ്രസിദ്ധപ്പെടുത്തുന്ന ജനനി സാംസ്കാരിക മാസികയുടെ പത്രാധിപർ തുടങ്ങി വിവിധ സാംസ്കാരിക സാഹിത്യ സാമൂഹ്യ പ്രവർത്തനങ്ങളിൽ സജീവം.

ഭാര്യ :- ട്രീസാ മാത്യൂസ്, മക്കൾ :- ഗാഞ്ചസ്, ജസ്റ്റിൻ

# നിറങ്ങൾ മാറിയെങ്കിലും... വിശ്വാസത്തിന് ഇന്നും ഒരേ നിറം

102 YEARS
1924 -2026

ഒരു വസ്ത്രം തിരഞ്ഞെടുക്കുമ്പോൾ ആളുകൾ അന്വേഷിക്കുന്നത് നിറവും ഡിസൈനും മാത്രമല്ല, ആ വസ്ത്രത്തോടൊപ്പം ലഭിക്കുന്ന വിശ്വാസവും കരുതലുമാണ്. അതുകൊണ്ടാണ് ചില സ്ഥാപനങ്ങൾ ഒരു സ്ഥാപനമായി മാത്രം നിൽക്കാതെ തലമുറകളുടെ ഓർമ്മകളുടെ ഭാഗമായി മാറുന്നത്. മലയാളികളുടെ മനസ്സിൽ അത്തരമൊരു സ്ഥാനമാണ് ഒരു നൂറ്റാണ്ടിലേറെയായി പുളിമൂട്ടിൽ സിൽക്സ് സ്വന്തമാക്കിയിരിക്കുന്നത്.

1916-ൽ ഉദയംപേരൂരിൽ നിന്ന് തൊടുപുഴയിലേക്ക് കുടിയേറിയ ചാക്കോ ഔസേഫ് കണ്ട സ്വപ്നത്തിന് ഇന്ന് 102 വർഷങ്ങളുടെ നിറവാണ്. 1924ൽ ആരംഭിച്ച ഒരു ചെറിയ ജൗളിക്കടയിൽ വിതച്ച വിശ്വാസത്തിന്റെ വിത്ത് ഇന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ശാഖകൾ വിരിച്ച പുളിമൂട്ടിൽ സിൽക്സ് എന്ന മഹാവൃക്ഷമായി വളർന്നിരിക്കുന്നു.

## കാലം മാറി... മൂല്യങ്ങൾ മാറിയില്ല

ഫാഷൻ മാറി, ജീവിതശൈലികൾ മാറി, ഉപഭോക്താക്കളുടെ പ്രതീക്ഷകൾ മാറി, എന്നാൽ ഗുണനിലവാരത്തിലും ആത്മാർത്ഥമായ സേവനത്തിലും ഉപഭോക്താവുമായുള്ള ബന്ധത്തിലും പുളിമൂട്ടിൽ സിൽക്സ് ഇന്നും അതേ മൂല്യങ്ങളാണ് പിന്തുടരുന്നത്. അതാണ് ഈ സ്ഥാപനത്തിന്റെ യഥാർത്ഥ പാരമ്പര്യവും ഏറ്റവും വലിയ ശക്തിയും.

## പാരമ്പര്യവും പുതുമയും കൈകോർക്കുമ്പോൾ

ഇന്ന് തൊടുപുഴ, കോട്ടയം, തൃശ്ശൂർ, കൊല്ലം, തിരുവല്ല, പാലാ, കൊച്ചി, അടൂർ എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന പുളിമൂട്ടിൽ സിൽക്സിന്റെ എല്ലാ ഷോറൂമുകളും സ്ഥാപകൻ ചാക്കോ ഔസേഫിന്റെ ചെറുമക്കളുടെ നേതൃത്വത്തിലാണ് മുന്നേറുന്നത്. മുൻതലമുറ കൈമാറിയ വിശ്വാസവും മൂല്യങ്ങളും അതേപടി കാത്തുസൂക്ഷിച്ചുകൊണ്ട്, പുതിയ തലമുറയുടെ ദീർഘദർശനവും ആധുനിക വ്യാപാരരീതികളും സാങ്കേതികവിദ്യയും കൂട്ടിച്ചേർത്ത് ബ്രാൻഡിനെ കൂടുതൽ ഉയരങ്ങളിലേക്ക് അവർ നയിക്കുകയാണ്.

## വിശ്വാസത്തിന്റെ തിരിച്ചുവരവ്

ഒരു കുടുംബത്തിലെ ആദ്യ വിവാഹത്തിനായി പുളിമൂട്ടിൽ സിൽക്സിൽ എത്തിയവർ, പിന്നീട് മക്കളുടെ വിവാഹത്തിനും കൊച്ചുമക്കളുടെ ആദ്യ ഓണത്തിനുമുള്ള വസ്ത്രങ്ങൾ വാങ്ങാനും വീണ്ടും അതേ സ്ഥാപനത്തിലേക്ക് എത്തുന്നു. ഈ തിരിച്ചുവരവിന് കാരണം വലിയ പരസ്യങ്ങളോ ഓഫറുകളോ അല്ല. തലമുറകളിലൂടെ കൈമാറപ്പെട്ട വിശ്വാസമാണ്.

## ഒരു സ്ഥാപനമല്ല... ഒരു കുടുംബം

102 വർഷങ്ങളുടെ ഈ യാത്രയിൽ 2000-ത്തിലധികം ജീവനക്കാർ പുളിമൂട്ടിൽ സിൽക്സ് കുടുംബത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. ഇന്ന് പുളിമൂട്ടിൽ സിൽക്സ് ഒരു വ്യാപാരസ്ഥാപനം മാത്രമല്ല, ആയിരക്കണക്കിന് കുടുംബങ്ങളുടെ ഉപജീവനത്തിനും സ്വപ്നങ്ങൾക്കും കരുത്തേകുന്ന ഒരു പ്രസ്ഥാനമാണ്.

## ഓരോ ആഘോഷത്തിനും അനുയോജ്യമായത്

വിവാഹ പട്ടുകൾ മുതൽ ആഘോഷ വസ്ത്രങ്ങൾ വരെ... കേരളീയ പാരമ്പര്യം മുതൽ ആഗോള ഫാഷൻ ട്രെൻഡുകൾ വരെ... കുടുംബത്തിലെ ഓരോ അംഗത്തിനും അനുയോജ്യമായ മികച്ച തിരഞ്ഞെടുപ്പുകൾ ഒരേ കുടക്കീഴിൽ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പുളിമൂട്ടിൽ സിൽക്സ് മുന്നേറുന്നത്. ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെ ഓരോ ഉപഭോക്താവിനും സന്തോഷകരമായ ഷോപ്പിംഗ് അനുഭവം സമ്മാനിക്കുക എന്നതാണ് എന്നും സ്ഥാപനത്തിന്റെ പ്രതിബദ്ധത

"ഒരു സ്ഥാപനത്തിനെ വിജയത്തിലേക്ക് നയിക്കുന്നത് പുതിയ ഷോറൂമുകളുടെ എണ്ണം അല്ല... അത് വീണ്ടും വീണ്ടും തിരിച്ചെത്തുന്ന ഉപഭോക്താക്കളാണ്... ആ തിരിച്ചുവരവാണ് പുളിമൂട്ടിൽ സിൽക്സിന്റെ ഏറ്റവും വലിയ അംഗീകാരം!"

- LATE ഷെ. ഔസേപ്പ് ചാക്കോ പുളിമൂട്ടിൽ
& LATE ഔസേപ്പ് ജോൺ പുളിമൂട്ടിൽ
(ഞങ്ങളുടെ മാർഗ്ഗദർശകർ)



# മലയാളിത്തത്തിന്റെ ചാരുതയും മികവും; 'മലയാളി മങ്ക 2026' നിറഞ്ഞ കൈയടി നേടി.



ശ്രീകുമാർ ഉണ്ണിത്താൻ

പെൻസിൽവേനിയ: ഫൊക്കാനാ അന്താരാഷ്ട്ര കൺവൻഷന്റെ ഭാഗമായി വനിതാ ഫോറം സംഘടിപ്പിച്ച 'മലയാളി മങ്ക 2026' മത്സരം കേരളീയ പാരമ്പര്യത്തിന്റെയും സൗന്ദര്യത്തിന്റെയും വ്യക്തിത്വത്തിന്റെയും കലാപ്രതിഭയുടെയും മനോഹരമായ സംഗമമായി. കൽഹാരി റിസോർട്ട് ആൻഡ് കൺവൻഷൻ സെന്ററിൽ നടന്ന മത്സരത്തിൽ വടക്കേ അമേരിക്കയിലെ മലയാളി വനിതകൾ ആവേശത്തോടെ പങ്കെടുത്തു.

മൂന്ന് മത്സര റൗണ്ടുകൾക്ക് ശേഷം ഫൊക്കാനാ മലയാളി മങ്ക 2026 വിജയികളെ പ്രഖ്യാപിച്ചു:

* ഫൊക്കാനാ മലയാളി മങ്ക 2026 നിമ്മി ഷാജി

* ഫസ്റ്റ് റണ്ണർ-അപ്പ് പ്രിയ ലൂയിസ്

* സെക്കൻഡ് റണ്ണർ-അപ്പ് മെർലിൻ ജോസ്

റൗണ്ട് 1 കേരളീയ വേഷവും പരിചയപ്പെടുത്തലും

മത്സരാർത്ഥികൾ കേരളത്തിന്റെ തനത് പാരമ്പര്യ വേഷത്തിൽ വേദിയിലെത്തി, പ്രേക്ഷകരുടെയും വിശിഷ്ട വിധികർത്താക്കളുടെയും മുന്നിൽ സ്വയം പരിചയ

പ്പെടുത്തി. സ്വന്തം വ്യക്തിത്വവും കേരളീയ സംസ്കാരത്തോടുള്ള ബന്ധവും പ്രകടിപ്പിക്കുന്നതിനുള്ള അവസരമായിരുന്നു ഈ റൗണ്ട്.

റൗണ്ട് 2 ടാലന്റ് റൗണ്ട്

മത്സരാർത്ഥികൾ തങ്ങളുടെ വ്യക്തിഗത കഴിവുകളും സർഗാത്മകതയും വൈവിധ്യമാർന്ന പ്രതിഭകളും വേദിയിലെ പ്രകടനമികവും അവതരിപ്പിച്ചു. മത്സരത്തിലെ ഏറ്റവും ആകർഷകവും വിനോദപ്രദവുമായ ഘട്ടങ്ങളിലൊന്നായിരുന്നു ഈ റൗണ്ട്.

റൗണ്ട് 3 സാരി & ചോദ്യോത്തര റൗണ്ട്

മത്സരാർത്ഥികൾ മനോഹരമായ സാരിയണിഞ്ഞ് ചോദ്യോത്തര റൗണ്ടിൽ പങ്കെടുത്തു. ആത്മവിശ്വാസം, ആശയവിനിമയ മികവ്, അറിവ്, തൽക്ഷണ പ്രതികരണശേഷി എന്നിവ ഈ റൗണ്ടിൽ പ്രകടമായി.

പ്രത്യേക വിഭാഗങ്ങളിലെ പുരസ്കാരങ്ങൾ

പ്രധാന മൂന്ന് സ്ഥാനങ്ങൾക്ക് പുറമെ മത്സരാർത്ഥികളുടെ വ്യക്തിഗത കഴിവുകളും പ്രത്യേക മികവുകളും പരിഗണിച്ച് വിവിധ വിഭാഗങ്ങളിലായി പുരസ്കാരങ്ങളും നൽകി:

ബെസ്റ്റ് പേഴ്സണാലിറ്റി പ്രിയ ലൂയിസ്

ബെസ്റ്റ് സ്മൈൽ നിമ്മി ഷാജി

ബെസ്റ്റ് ഹെയർ ഡോ. ജാസ്മിൻ

ബെസ്റ്റ് കേരള അറ്റയർ മെർലിൻ ജോസ്

ബെസ്റ്റ് ടാലന്റ് പമേല രവീന്ദ്രൻ

25 വയസ്സും അതിൽ കൂടുതലുമുള്ള കേരളീയ വംശജരായ വനിതകൾക്കായി ഒരുക്കിയ മത്സരത്തിൽ കേരളീയ വേഷവിധാനം, സ്വയംപരിചയപ്പെടുത്തൽ, ടാലന്റ് റൗണ്ട്, ചോദ്യോത്തര-സംഭാഷണ ഘട്ടം എന്നിവയിലൂടെ മത്സരാർത്ഥികൾ തങ്ങളുടെ കഴിവുകളും വ്യക്തിത്വവും അവതരിപ്പിച്ചു. മൂന്ന് ഘട്ടങ്ങളിലായാണ് മത്സരം ക്രമീകരിച്ചിരുന്നത്.

വെറും സൗന്ദര്യമത്സരമെന്നതിനപ്പുറം കേരളീയ സംസ്കാരത്തോടും പാരമ്പര്യത്തോടുമുള്ള ബന്ധം ആഘോഷിക്കുന്ന വേദിയായാണ് 'മലയാളി മങ്ക' ഒരുക്കിയത്. പരമ്പരാഗത വേഷവിധാനത്തിലൂടെ കേരളത്തിന്റെ സാംസ്കാരിക സൗന്ദര്യം അവതരിപ്പിച്ച മത്സരാർത്ഥികൾ, ടാലന്റ് റൗണ്ടിലൂടെ തങ്ങളുടെ സർഗാത്മകതയും ചോദ്യോത്തര ഘട്ടത്തിലൂടെ ആത്മവിശ്വാസവും അറിവും പ്രകടിപ്പിച്ചു.

വിശിഷ്ട വിധികർത്താക്കൾ

മിനി സജൻ, രാജൻ ചീരൻ, ഡോ. പ്രമീള ദേവി, ഡോ. ആലീസ്






മാത്യു എന്നിവരടങ്ങിയ വിശിഷ്ട വിധികർത്തൃ പാനലാണ് മത്സരം വിലയിരുത്തിയത്.

മത്സരത്തിനായി തങ്ങളുടെ വിലപ്പെട്ട സമയവും അനുഭവസമ്പത്തും അറിവും വൈദഗ്ധ്യവും നൽകിയ വിധികർത്താക്കൾക്ക് സംഘാടകർ ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചു.

പരിപാടിക്ക് കൂടുതൽ ആവേശം പകർന്നുകൊണ്ട് കാനഡയിൽ നിന്നുള്ള അഖിൽ വിജയകുമാർ മനോഹരമായ ഗാനങ്ങളിലൂടെ പ്രേക്ഷകരെ ആസ്വദിപ്പിക്കുകയും ആഘോഷവേദിയെ കൂടുതൽ സജീവമാക്കുകയും ചെയ്തു.

മനോഹരമായ പ്രധാന കിരീട ട്രോഫികൾ ഡെയ്സി ട്രോഫീസ്, തോമസ് തോമസ്, ഡെയ്സി തോമസ് എന്നിവരുടെ സഹകരണത്തോടെയാണ് സ്പോൺസർ ചെയ്തത്.

എല്ലാ പ്രത്യേക വിഭാഗങ്ങളിലെയും ട്രോഫികൾ വിശ്വാസ ബ്രാൻഡിന്റെ Samrddhi Hair Growth Oil സ്പോൺസർ ചെയ്തു. രേവതി പിള്ള, നേഹ പിള്ള, നിഷ പിള്ള എന്നിവരാണ് ഈ ബ്രാൻഡിന്റെ ഉടമകൾ.

മത്സരത്തിന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയുടെ പിന്തുണയും വനിതാ ഫോറം ചെയർപേഴ്സൺ രേവതി പിള്ളയുടെ നേതൃത്വവും ലഭിച്ചു. ഫാൻസിമോൾ പള്ളത്തുമഠം ചെയർപേഴ്സണായും സുബി ബാബു കോ-ചെയറായും പ്രവർത്തിച്ചു. ഡോ. ബ്രിഡ്ജറ്റ് ജോർജ്, ഉഷാ ചാക്കോ, ശോശമ്മ ആൻഡ്രൂസ്, സുജ ജോൺ, ഷോജി ഷിനോയി, സരൂപാ അനിൽ, മേരികുട്ടി മൈക്കിൾ എന്നിവർ കമ്മിറ്റി അംഗങ്ങളായിരുന്നു.

പരിപാടിക്ക് മറ്റൊരു ശ്രദ്ധേയമായ മാനം നൽകിക്കൊണ്ട് ലിസ് ഫെർണാണ്ടസ്, ഫൊക്കാനാ മലയാളി മങ്ക 2026 ജേതാവായ നിമ്മി ഷാജിക്ക് ഒരു സിനിമയിൽ അഭിനയിക്കാനുള്ള അവസരം വാഗ്ദാനം ചെയ്തു. മത്സരവേദിക്കപ്പുറത്തേക്കും ജേതാവിന് പുതിയ സാധ്യതകൾ തുറന്നുകൊടുക്കുന്ന സവിശേഷ അവസരമായി ഇത് മാറി.

വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള, മത്സരത്തിൽ പങ്കെടുത്ത എല്ലാ മത്സരാർത്ഥികൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും നന്ദിയും അറിയിച്ചു.

വടക്കേ അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ സാംസ്കാരിക പൈതൃകം പുതുതലമുറയിലേക്ക് കൈമാറുന്നതിനൊപ്പം, സ്ത്രീകളുടെ ആത്മവിശ്വാസവും വ്യക്തിത്വവും കഴിവുകളും ആഘോഷിച്ച ശ്രദ്ധേയമായ പരിപാടിയായി 'മലയാളി മങ്ക 2026' മാറി.




# Save $894.* Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States NY, NJ, PA, & CT.**

StateFarm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

# നായർ അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ ഓണാഘോഷം പ്രൗഢഗംഭീരമായി




സതീശൻ നായർ

ചിക്കാഗോ: നായർ അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ ഈ വർഷത്തെ ഓണാഘോഷം ഡസ്പ്ലയിൻസിലുള്ള പ്രയിറിലേക്ക് കമ്യൂണിററി സെന്ററിൽ വച്ചു നടന്നു.

ചെണ്ടമേളത്തിന്റെയും താലപ്പൊലിയുടേയും അകമ്പടിയോടുകൂടി വിശിഷ്ടാതിഥികളേയും മഹാബലിത്തമ്പുരാനേയും എതിരേറ്റ് ആനയിച്ചു.

പ്രസിഡൻ്റ് വിജി നായർ സദസ്സിനെ സ്വാഗതം ചെയ്തു. കൂടാതെ ഓണത്തിന്റെ മഹാത്മ്യത്തെക്കുറിച്ചും സംഘടനയുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചും സംസാരിക്കുകയും ഏവർക്കും ഓണാശംസകൾ നൽകുകയും ചെയ്തു.

ശ്രീ.എം.ജെ.സെബാസ്റ്റിയൻ എം.എൽ.എ. മുഖ്യാതിഥിയായിരുന്നു. അദ്ദേഹം ഓണാഘോഷ പരിപാടികൾ ഉത്ഘാടനം ചെയ്തു.

ശ്രീ. സതീശൻ നായർ മുഖ്യാതിഥിയെ സദസ്സിനു പരിചയപ്പെടുത്തി. ശ്രേയ മഹേഷ് ഈശ്വര പ്രാർത്ഥന ഗാനം ആലപിച്ചു. വൈവിധ്യമാർന്ന വിവിധ കലാപരിപാടികൾ ചടങ്ങിനെ പ്രൗഢഗംഭീരമാക്കി. ശ്രീമതി പ്രസന്ന അവതരിപ്പിച്ച സോപാന സംഗീതം, മോഹിനിയാട്ടം എന്നിവ വളരെ മികവുറ്റതായിരുന്നു. കൂടാതെ ദിയാ നിതിന്റെ ഓണപ്പാട്ട്, സൊറാഫിന്റെ ഡാൻസ് ടീം ഡാഫോഡിൽസ് അവതരിപ്പിച്ച ഡാൻസ്, അൻജു ശ്രീകാന്ത്, ഗ്രീഷ്മ സുമേഷ് മ്യൂസിക്കൽ ഐറ്റം, ഓാംകാരം



ചിക്കാഗോയുടെ തകർപ്പൻ ചെണ്ടമേളം, സൗപർണിക കലാക്ഷേത്രയുടെ ഡാൻസ്, രാഗാഹുക്ക് ബാൻഡ്, തരംഗ്, നർത്തകീസ്, ഓംകാരം കലാകാരൻമാരവതരിപ്പിച്ച ചരിത്രപരവും സാംസ്കാരികവുമായ തൃശൂർ പൂരത്തിന്റെ അവതരണം, മൽഹാർ ഡാൻസ് കമ്പനിയുടെ ഡാൻസ്, ടീം മണവാളൻസിന്റെ വൈവിധ്യമാർന്ന കോമഡി മ്യൂസിക്ക് & ഡാൻസ് തുടങ്ങിയ വിവിധ പരിപാടികൾ സദസ്സിനു സന്തോഷവും കുളിർമയും നൽകി.

കലാപരിപാടികളുടെ കോർഡിനേറ്ററായി പ്രവർത്തിച്ചത് ദീപു നായരായിരുന്നു.

മറ്റു വിവിധ പരിപാടികൾക്ക് അരവിന്ദ് പിള്ള, എം.സി. ആർ. പിള്ള, സുരേഷ് ബാലചന്ദ്രൻ, ജിതേന്ദ്ര കൈമൾ, പ്രസന്നൻ പിള്ള, രഘുനാഥൻ നായർ, രാധാകൃഷ്ണൻ നായർ, രാജഗോപാലൻ നായർ, വിജയ പിള്ള, ചന്ദ്രൻപിള്ള, ദീപക് നായർ തുടങ്ങിയവർ നേതൃത്വം നൽകി. മഹേഷ് കൃഷ്ണൻ ഏവർക്കും നന്ദി രേഖപ്പെടുത്തി. ബിന്ധ്യാ നായർ ചടങ്ങിൽ എം.സി. ആയിരുന്നു.







ASSOCIATION
OF GREATER CHICAGO









NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.




## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call (877) 202-8112
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# മിസ് ഫൊക്കാന 2026 കിരീടം വാഷിംഗ്ടൺ ഡിസിയിൽ നിന്നുള്ള അശ്വതി മേനോൻ കരസ്ഥമാക്കി.



ശ്രീകുമാർ ഉണ്ണിത്താൻ

മത്സരത്തിലെ ഏറ്റവും ശ്രദ്ധേയമായ നിമിഷമായി മാറിയത് വിജയിയെ പ്രഖ്യാപിച്ച ചടങ്ങായിരുന്നു. ’ആഘോഷം’ എന്ന മലയാള സിനിമയുടെ നിർമ്മാതാവ് ഡോ. ലിസി കെ. ഫെർണാണ്ടസ് വിജയിയുടെ പേര് പ്രഖ്യാപിച്ചു. ‘ആഘോഷം’ ഉൾപ്പെടെയുള്ള സിനിമകൾ നിർമ്മിച്ചിട്ടുള്ള ഡോ. ലിസി കെ. ഫെർണാണ്ടസ്, വിജയിക്ക് തന്റെ അടുത്ത ചിത്രത്തിൽ അരങ്ങേറ്റം കുറിക്കാൻ അവസരം നൽകുമെന്ന് പ്രഖ്യാപിച്ചതോടെ വേദി ആവേശത്തിലായി.

സൗന്ദര്യമത്സരത്തിന്റെ പരിധികൾക്കപ്പുറം, മലയാളി യുവതികളുടെ കലാപരമായ കഴിവുകൾക്കും ആത്മവിശ്വാസത്തിനും സിനിമയിലേക്കുള്ള പുതിയ സാധ്യതകൾക്കും വാതിൽ തുറക്കുന്ന വേദിയായി ‘മിസ് ഫൊക്കാന’ മാറുകയായിരുന്നു. വിജയിക്ക് ലഭിച്ച സിനിമാ അവസരം ഈ കൺവൻഷനിലെ മത്സരത്തെ കൂടുതൽ ശ്രദ്ധേയമാക്കി.

മത്സരം മൂന്ന് റൗണ്ടുകളിലായാണ് നടന്നത് കേരളീയ

വേഷവും പരിചയപ്പെടുത്തലും, ടാലന്റ് റൗണ്ട്, സാരിചോദ്യോത്തര റൗണ്ട്. കേരളീയ സംസ്കാരത്തോടുള്ള ബന്ധം, വ്യക്തിഗത പ്രതിഭ, ആശയവിനിമയ കഴിവ്, ആത്മവിശ്വാസം, സ്റ്റേജ് പ്രസൻസ് എന്നിവ പ്രകടിപ്പിക്കാൻ ഓരോ റൗണ്ടും മത്സരാർത്ഥികൾക്ക് അവസരം നൽകി.




മിസ് ഫൊക്കാന 2026 മത്സരത്തിൽ അശ്വതി മേനോൻ കിരീടം ചൂടി. വർഷ ലിജോ ഒന്നാം റണ്ണർ അപ്പായും ജൊന്നാ മനോജ് രണ്ടാം റണ്ണർ അപ്പായും തിരഞ്ഞെടുക്കപ്പെട്ടു

ഒന്നാം റണ്ണർ അപ്പിനും രണ്ടാം റണ്ണർ അപ്പിനും ക്യാഷ് പ്രൈസുകൾ ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ നൽകുന്ന രീതിയിലാണ് മത്സരം ഒരുക്കിയിരുന്നത്. ഫൊക്കാന വനിതാ ഫോറം ചെയർപേഴ്സൺ രേവതി പിള്ളയുടെ നേതൃത്വത്തിലുള്ള സമിതിയാണ് മത്സരം ഏകോപിപ്പിച്ചത്. സരൂപ അനിൽ ചെയർപേഴ്സണായും പ്രിയ ലൂയിസ് കോ-ചെയറായും പ്രവർത്തിച്ചു.




**പ്രത്യേക പുരസ്കാരങ്ങൾ**

മത്സരാർത്ഥികളുടെ വ്യത്യസ്ത കഴിവുകളും വ്യക്തിത്വ സവിശേഷതകളും പരിഗണിച്ച് നിരവധി പ്രത്യേക പുരസ്കാരങ്ങളും നൽകി:

Best Talent ഐറിൻ തട്ടത്തിൽ

Best Hair ഒലിവിയ ഷാജി

Best Personality സിന്റ ബെന്നി

Best Walk അഫ്ര സൂനി

Best Traditional Elegance സ്റ്റെഫാനി സ്റ്റീഫൻ

Best Smile ലിയാന വർഗീസ്

വിമൻസ് ഫോറം നേതാക്കളും വിശ്വാസ ബ്രാൻഡ് സഹഉടമ നിഷ പിള്ളയും ചേർന്നാണ് സബ്കാറ്റഗറി പുരസ്കാരങ്ങൾ

സമ്മാനിച്ചത്. സബ്കാറ്റഗറി ട്രോഫികൾ മുഴുവൻ വിശ്വാസ ബ്രാൻഡിന്റെ Samrddhi Hair Growth Oil സ്പോൺസർ ചെയ്തു. രേവതി പിള്ള, നേഹ പിള്ള, നിഷ പിള്ള എന്നിവരാണ് വിശ്വാസ ബ്രാൻഡിന്റെ ഉടമകൾ.

മത്സരാർത്ഥികളെ വിലയിരുത്തുന്നതിനായി പ്രമുഖരായ മൂന്ന് അംഗങ്ങളടങ്ങിയ ജഡ്ജിംഗ് പാനലാണ് ഉണ്ടായിരുന്നത് മിനി സജൻ, രാജൻ ചീരൻ, ഡോ. ആലിസ് മാത്യു. മത്സരാർത്ഥികളെ വിലയിരുത്തുന്നതിന് അവർ നൽകിയ സമയം, പരിചയം, ശ്രദ്ധ, വൈദഗ്ധ്യം എന്നിവയ്ക്ക് വിമൻസ് ഫോറം നന്ദി അറിയിച്ചു.

**ഫൊക്കാന വിമൻസ് ട്രെയിൽ ബ്ലേസർ അവാർഡ് ബിനു പിള്ള-അബ്ദുലിന്**





പരിപാടിയുടെ ഇടവേളയിൽ നടന്ന ഏറ്റവും ശ്രദ്ധേയമായ ചടങ്ങുകളിലൊന്നായിരുന്നു ഫൊക്കാന വിമൻസ് ട്രെയിൽബ്ലേസർ അവാർഡ് സമ്മാനിച്ചത്. ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ട്മെന്റിൽ (NYPD) ആദ്യ മലയാളി വനിതാ ഡിറ്റക്ടീവ് എന്ന ചരിത്ര നേട്ടം കൈവരിച്ച ബിനു പിള്ള-അബ്ദുലിനെ ആദരിച്ചുകൊണ്ടാണ് പുരസ്കാരം നൽകിയത്.





പ്രശസ്ത ചലച്ചിത്ര സംവിധായകനും പദ്മവിഭൂഷൺ പുരസ്കാര ജേതാവുമായ അടൂർ ഗോപാലകൃഷ്ണൻ ആണ് പുരസ്കാരം സമ്മാനിച്ചത്. ഇതോടെ ചടങ്ങ് കൂടുതൽ അവിസ്മരണീയമായി. ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി ഉൾപ്പെടെയുള്ള നേതാക്കൾ സന്നിഹിതരായിരുന്നു.

ഫൊക്കാനാ കൺവൻഷന്റെ വേദിയിൽ നിന്ന് മലയാള സിനിമയിലേക്കുള്ള ഒരു പുതുവാതിൽ തുറന്നുകൊടുത്ത 'മിസ് ഫൊക്കാന 2026', അമേരിക്കൻ മലയാളി സമൂഹത്തിലെ യുവതലമുറയുടെ സ്വപ്നങ്ങൾക്കും കഴിവുകൾക്കും പുതിയ ആകാശം സമ്മാനിച്ച ശ്രദ്ധേയമായ വേദിയായി.




emalayalee.com
Great News!
NOW YOU CAN
INSTANTLY
PLACE YOUR ADVT
or
BOOK YOUR AD SPACE
ON
eMalayalee.com
TARGET MALAYALEE AUDIENCE
THOUSANDS OF DAILY VISITORS
BOOST YOUR BRAND VISIBILITY
EASY, FAST & EFFECTIVE
Shirley A. Abraham
Real Estate Broker
Commercial • Investment • Advisory
Long Island | NYC | New York State
1-516-712-9262
Get local help with your Medicare questions.
WIDE ONLINE REACH
PREMIUM AD SPACES AVAILABLE
TRUSTED MEDIA PLATFORM
Just Click
eMalayalee.com/Advertise

പുസ്തക പരിചയം – 24

# ബോൺസായി മരത്തണലിലെ ഗിനിപ്പന്നികൾ (കഥ)

## ബിജോ ജോസ് ചെമ്മാന്ത്ര






തയ്യാറാക്കിയത് –
ബാജി ഓടംവേലി, ഡാലസ്

ഓരോ ജീവിതവും ഒരു കാലത്തിനപ്പുറത്തേക്ക് വെറും കഥകൾ മാത്രമാണ്. പുഞ്ചിരിയും തേങ്ങലും മൗനവും വിസ്മയവുമൊക്കെ കൂടിച്ചേരുന്ന വിചിത്രമായ കഥകൾ. നമ്മുടെ ജീവിതവും ഒട്ടും വ്യത്യസ്ഥമല്ല, അതിനാൽ കാമ്പുള്ള കഥകളാകാൻ ഇന്നേ ശ്രമിക്കുക.

നാടും നാട്ടുകാരും മാത്രമല്ല, പ്രകൃതിയും ജീവജാലങ്ങളും ഒക്കെ അടങ്ങുന്നതാണ് ബിജോയുടെ കഥാലോകം. പ്രകൃതിയുമായുള്ള ആത്മസംവാദങ്ങൾ രചനയ്ക്ക് മിഴിവേകുന്നു. കഥകളൊക്കെ സമകാലിക മലയാളകഥയുടെ നവീനഭാവുകത്വം അണിഞ്ഞവയാണ്.

‘മഞ്ഞൊഴിയാത്ത വീട്’ എന്ന കഥ ദുരൂഹതയേയും അപസർപ്പകതയേയും ഓർമ്മപ്പെടുത്തുന്നതാണ്. ‘മഞ്ഞ് പെയ്തുകൊണ്ടേയിരുന്നു’ എന്നു തുടങ്ങുന്ന കഥയുടെ ആദ്യവാചകം മുതൽ അവസാന വാചകംവരെ കഥയിലുടനീളം മഞ്ഞുകൊണ്ട് നിറഞ്ഞിരിക്കുന്നു. ആഖ്യാനത്തിലുടനീളം ഇത്രയധികം മഞ്ഞുപയോഗിച്ചിട്ടുള്ള മറ്റൊരു കഥയുണ്ടോ എന്ന് സംശയമാണ്. ആകാംഷയോടെ വായിച്ചു മുന്നേറുന്ന ഈ കഥ മഞ്ഞും മഞ്ഞിന്റെ പര്യായങ്ങളും വകഭേദങ്ങളും കൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നത്.

ന്യൂയോർക്കിൽ നിന്നും ഒരു ചെറിയ ടൗണിലേക്ക് താമസം മാറിയ ഇന്ത്യക്കാരായ കഥാനായകനും നായികയും മാത്രമുള്ള ഒരു വീട്ടിലേക്ക് പാട്രിക്ക് എന്ന അറുപത്തിയഞ്ചുകാരൻ വരുന്നിടത്താണ് കഥ ആരംഭിക്കുന്നത്. ആ വെള്ളക്കാരൻ മുൻപ് ആ വീട്ടിൽ വാടകയ്ക്ക് താമസിച്ചിരുന്നു എന്ന് അവകാശപ്പെടുന്നുണ്ട്. അയാളുടെ അഭിപ്ര

ായത്തിൽ മനോനില നഷ്ടപ്പെട്ട പങ്കാളിയുടെ കൂടെയുള്ള ജീവിതമാണ് എറ്റവും ദുസ്സഹമായ ജീവിതം. വന്നതും നിന്നതുമായ കഥാപാത്രങ്ങളൊക്കെ മനോനിലയുടെ നൂൽപ്പാലത്തിലൂടെ സഞ്ചരിക്കുന്നത് ആകാംഷയോടെയെ വായിക്കാനാവൂ.

‘ബോൺസായി മരത്തണലിലെ ഗിനിപ്പന്നികൾ’ എന്ന കഥയുടെ സന്ദർഭം 1932 മുതൽ 1972 വരെ അമേരിക്കയിലെ അലബാമയിൽ മനുഷ്യരുടെമേൽ അവരറിയാതെ നടത്തിയ പരീക്ഷണങ്ങളാണ്. അധാർമ്മികത വിളിച്ചോതുന്ന ക്രൂരമായ ജനവഞ്ചനയായിരുന്നു ടസ്കീജി സിഫിലസ് എന്ന ഈ പഠനങ്ങൾ. സിഫിലസ് രോഗമുള്ള ആഫ്രോ-അമേരിക്കക്കാരായ പാവപ്പെട്ട 399 കർഷകരെ, രോഗത്തിന് ഫലപ്രദമായ മരുന്നായ പെൻസിലിൻ കണ്ടുപിടിച്ചിട്ടും അത് നൽകാതെ, രോഗം ശരീരത്തിൽ എങ്ങനെയൊക്കെ ബാധിക്കുന്നു എന്ന് രഹസ്യമായി നിരീക്ഷിക്കുകയാണ് അധികൃതർ ചെയ്തത്. ഈ കൊടിയ അപരാധം ചരിത്രത്തിൽ എന്നുമൊരു മായിക്കാനാവാത്ത കറുത്ത പാടാണ്. സമസൃഷ്ടങ്ങളെ വെറും ഗിനിപ്പന്നികളാക്കി ഹോമിച്ച ഈ പരീക്ഷണത്തിന്റെ സർഗ്ഗാത്മക ആവിഷ്കാരമാണ് ഈ കഥ.




വിവാഹേതര ലൈഗികതയ്ക്കായുള്ള ആൺ/പെൺ ആകർഷണം എത്രയോ കഥകളുടെ തന്തുവായി ആവിഷ്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും നവീനത പകർത്തുന്ന ആഖ്യാനരീതിയിലൂടെ ‘പാപം ചെയ്യാത്തവർ’ എന്ന കഥ നവ്യാനുഭൂതി സൃഷ്ടിക്കുന്നു. ഓരോ കഥാകൃത്തും ഇത്തരം കഥാസന്ദർഭങ്ങളിൽ സ്വന്തം വ്യക്തിത്വം കൂടി കലർത്തി നവീനത സൃഷ്ടിക്കുമ്പോഴാണ് വ്യത്യസ്ഥമായ ഭാവുകത്വം ഉരുത്തിരിയുന്നത്. ആഗ്രഹപൂർത്തീകരണത്തിനായ് വന്ന യുവാവ് ആരാണെന്ന് അറിയുമ്പോഴുണ്ടാകുന്ന ഞെട്ടൽ വായന കഴിഞ്ഞാലും നമ്മെ പിന്തുടരും.

മനുഷ്യനും മൃഗവുമായുള്ള സമാനതകളിലേക്കാണ് ‘വേട്ടയ്ക്കിറങ്ങിയ മാനുകൾ’ നീങ്ങുന്നത്. മൃഗങ്ങൾ മനുഷ്യരിൽ നിന്നും എത്രത്തോളം അകന്നുപോകുന്നുവെന്ന ചിന്ത ഒരു ഭാഗത്തും മൃഗവുമായി ആത്മീകരിക്കാനുള്ള മനുഷ്യവാസന മറ്റൊരുഭാഗത്തും കാണുന്നു. ഇവയ്ക്ക് ഇടയിലൂടെയുള്ള ആഖ്യാനം സങ്കീർണ്ണവും വശ്യവുമാണ്.

‘തിമിരക്കണ്ണിലെ ദൂരക്കാഴ്ചകൾ’ എന്ന കഥ മുപ്പത്തിനാല് വർഷം കൂടെത്താമസിച്ച ഭാര്യയെ കാണാതാവുന്നിടത്തുനിന്നാണ് കഥ ആരംഭിക്കുന്നത്. സാഹചര്യത്തെളിവുകളിൽ നിന്നും അവളെകാണാതായതല്ല അവൾ ഉറങ്ങിപ്പോയതാണെന്ന് മനസ്സിലാക്കാം. പൂച്ചകളുടെ നീക്കങ്ങൾ സൂക്ഷ്മമായി പിന്തുടരുന്ന കഥാപാത്രങ്ങളാണ് കഥയിലുള്ള


ത്. 'പൂച്ചകൾ ഉടമസ്ഥരെ അല്ല അത് ജീവിച്ചിരുന്ന സ്ഥലത്തെയാണ് സ്നേഹിക്കുക' എന്ന ഓർമ്മപ്പെടുത്തൽ കഥയിലുണ്ട്. കഥ മുന്നേറുമ്പോൾ പ്രധാന റോളിലേക്ക് പൂച്ച വളരുന്നത് നമുക്ക് കാണാനാവും.

ഹാസ്യാത്മക സാമൂഹ്യവിമർശനം ഉൾക്കൊള്ളിച്ചു സറ്റയർ സമ്പ്രദായത്തിലെഴുതിയ 'വൈകിയെത്തിയ മഴ' ഇന്നത്തെ ജനാധിപത്യ സംവിധാനങ്ങളിൽ പടർന്നു കയറിയിരിക്കുന്ന മൂല്യച്യുതിയുടെ സാർവ്വദേശീയത വിളിച്ചറിയിക്കുന്നു. രാഷ്ട്രീയത്തിലെ പുഴുക്കുത്തുകളെ തുറന്നുകാട്ടുന്നു, പാർട്ടിയിൽ വേതനമില്ലാതെ ആത്മാർത്ഥമായി അകമഴിഞ്ഞ് ജോലി ചെയ്തിരുന്ന ഒരു കാലം ഓർമ്മയായതിന്റെ ഇരയാണ് കഥയിലെ കുമാരൻ എന്ന കഥാപാത്രം. രാഷ്ട്രീയ ജീർണ്ണതയിൽ നിന്ന് സ്വതന്ത്ര മനുഷ്യനായി കുമാരൻ മാറുന്നതിന്റെ കഥയാണിത്.

ചിത്രമെഴുത്തുകാരന്റെ ആത്മഹർഷങ്ങളെയും അന്തഃസംഘർഷങ്ങളേയും അനുരാഗങ്ങളിലൂടെ ചായം പൂശുന്ന കഥയാണ് 'പ്രണയവർണ്ണങ്ങൾ'. പ്രണയത്തിന്റെ നിറഭേദങ്ങളെ അയാൾക്ക് തിരിച്ചറിയാനാകുന്നില്ല. പ്രണയത്തിന്റെ ആഴങ്ങൾ തേടിയുള്ള പാലായനമാണ് അയാൾ ചിത്ര രചനയിലൂടെ തേടുന്നത്.

വഴിമാറിയ നിഴലുകൾ, കൊലുസ്സിട്ട പെൺകുട്ടി, കടത്ത്, തിരുശേഷിപ്പുകൾ, ഇലപൊഴിക്കാത്ത മരങ്ങൾ, തുടങ്ങിയ മറ്റു കഥകളും മനോഹരങ്ങളാണ്.

മഞ്ഞും മഴയും കാടും ഇലകളും മരങ്ങളും നിഴലുകളുമൊക്കെ ഇടകലരുന്ന ആഖ്യാനവൈവിധ്യം കഥകളിൽ നിറഞ്ഞു നിൽക്കുന്നുണ്ട്. മഞ്ഞും മഴയും നിഴലുമൊക്കെ കഥാപാത്രങ്ങൾക്ക്



സമാന്തരമായി സഞ്ചരിക്കുന്നു. കുതിരയും പശുവും മാനുകളും ഗിനിപ്പന്നികളും സാരമേയങ്ങളും (നായ) പൂച്ചകളും പറവകളും കഥയിലെ രൂപകങ്ങളാകുന്നു. അവകളിലൂടെ ഭൂമിയുടെ അവകാശികളെ വാർത്തെടുക്കുകയാണ്.

ഈ കഥകൾ മനുഷ്യാവസ്ഥയെക്കുറിച്ചുള്ള ഉൾക്കാഴ്ചകളാണ്. തന്റെ കഥകളിൽ മനുഷ്യത്വത്തിന്റെ ദിവ്യമായ പ്രകാശം കൊളുത്തിവെയ്ക്കുന്നു. ഈ കഥകളിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷയും ആഖ്യാനശൈലിയും അതിനു കൊടുക്കുന്ന പരിചരണവും എത്രമനോഹരമാണ്. ഓരോ വാചകത്തിനുള്ളിലും ഓരോ ജീവിത ചിത്രങ്ങൾ ആവിഷ്ക്കരിക്കുന്ന രചനാരീതി തന്നെ വിസ്മയിപ്പിക്കുന്നു എന്നാണ് പെരുമ്പടവം ശ്രീധരൻ ഈ കഥകളേപ്പറ്റി പറഞ്ഞിരിക്കുന്നത്.

സൂക്ഷ്മമായ രചനാശില്പം, രൂപഭാവഭദ്രത, നവീനത ഇവയൊക്കെ കോർത്തിണക്കി സൗന്ദര്യതൃഷ്ണ തിളങ്ങുന്ന ആഖ്യാനശൈലിയിലൂടെ ആവിഷ്ക്കരിച്ചപ്പോൾ തന്റെ ആത്മാവിലുള്ള കവിത തന്മയത്വത്തോടെ കഥകളാക്കി വാർത്തെടുക്കാൻ കഥാകാരനു കഴിഞ്ഞിരിക്കുന്നു. സമകാലില ജീവിത സമസ്യകളോടുള്ള തന്റെ ധൈഷണീകമായ പ്രതികരണങ്ങളാണ് ഇദ്ദേഹത്തിന്റെ രചനാതന്ത്രത്തിന്റെ ശക്തിയും സൗന്ദര്യവുമെന്ന് ഡോ. എം. വി. പിള്ള ആമുഖക്കുറിപ്പിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

ശീതകാലവും വേനൽക്കാലവും ശരത്കാലവും വസന്തകാലവും ആഖ്യാനത്തിന്റെ ഇടനാഴികകളിൽ വന്നുപോകുന്നു. പ്രണയവും പരിസ്ഥിതിയും അപസർപ്പണവും ഇടകലരുന്ന രചനകളിലൂടെയാണവ നീങ്ങുന്നത്. കാല്പനികവും ആത്മകഥാപരവുമായി അവയുടെ പുതുവഴിയിലേക്കാണ് കഥാകൃത്ത് സഞ്ചരിക്കുന്നത്. ഭ്രമകല്പന, വിഭ്രാന്തി, സന്ത്രാസം, നിരാസം, വിസ്മയം, തുടങ്ങിയ ഭാവകല്പനകൾ ഈ രചനയ്ക്ക് മാറ്റുകൂട്ടുന്നു. എന്ന് ഡോ. പി. എസ്. രാധാകൃഷ്ണൻ അവതാരികയിൽ അഭിപ്രായപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ പന്ത്രണ്ടു വർഷത്തിനുള്ളിൽ പലപ്പോഴായി എഴുതിയ പന്ത്രണ്ട് കഥകളാണ് ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ശില്പഭദ്രതയും ഭാവുകത്വവും നിറഞ്ഞു തുളുമ്പുന്ന 12 കഥകൾ പ്രസിദ്ധീകരിച്ചിരിക്കുന്നത് ഗ്രീൻ ബുക്സാണ്. 120 പേജുകളുള്ള ഈ പുസ്തകത്തിന്റെ വില 170 രൂപയാണ്.

ബിജോ ജോസ് ചെമ്മാന്ത്ര

കോട്ടയം ജില്ലയിലെ കുമരകത്ത് ജനനം. അമേരിക്കയിലെ മെരിലാന്റിൽ താമസിക്കുന്നു. ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നു. ആനുകാലികങ്ങളിലും സാമൂഹ്യമാധ്യമങ്ങളിലും കഥയും ലേഖനങ്ങളും എഴുതുന്നു. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

CELEBRATING 30 Yrs Service & Commitment

# Blue Ocean Wealth Solutions

A member of the MassMutual Financial Group



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

~~Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US~~ insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ഫൊക്കാനാ വേദിയിൽ യുവപ്രതിഭകളുടെ കലാവസന്തം;

## ദേവിക പദ്മകുമാർ കലാതിലകം, ജേസൺ മാത്യു കലാപ്രതിഭ

ശ്രീകുമാർ ഉണ്ണിത്താൻ




പെൻസിൽവാനിയ: ഫൊക്കാനാ അന്താരാഷ്ട്ര കൺവൻഷൻ 2026ന്റെ ഭാഗമായി സംഘടിപ്പിച്ച യുവജന കലാമത്സരങ്ങളിൽ നോർത്ത് അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ പുതുതലമുറ തങ്ങളുടെ കലാപാടവം തെളിയിച്ചു. നൃത്തം, സംഗീതം, പ്രസംഗം തുടങ്ങി വിവിധ വിഭാഗങ്ങളിലായി നടന്ന മത്സരങ്ങൾ യുവപ്രതിഭകൾക്ക് കേരളീയ കലാപാരമ്പര്യവുമായി കൂടുതൽ അടുത്തിടപഴകാനുള്ള വേദിയായി.ഫൊക്കാന ജോയിന്റ് അസ്സോസിയേറ്റ് ട്രഷറർ മിലി ഫിലിപ്പിനായിരുന്നു ഏകോപന ചുമതല.

ആറ് മുതൽ 11 വയസ്സ് വരെയും 12 മുതൽ 18 വയസ്സ് വരെയുമുള്ള രണ്ട് പ്രായവിഭാഗങ്ങളിലായാണ് പ്രധാന മത്സരങ്ങൾ നടന്നത്. ക്ലാസിക്കൽ ഡാൻസ്, സിനിമാറ്റിക് ഡാൻസ്, ലൈറ്റ് മ്യൂസിക്, ക്ലാസിക്കൽ മ്യൂസിക്,



എലോക്യൂഷൻ തുടങ്ങിയ ഇനങ്ങളിൽ കുട്ടികളും കൗമാരക്കാരും മാറ്റുരച്ചു. ഫൊക്കാനയുടെ ഔദ്യോഗിക മത്സരഫലങ്ങൾ പ്രകാരം വിവിധ ഇനങ്ങളിലായി നിരവധി യുവകലാകാരന്മാർ മികവ് തെളിയിച്ചു.

മത്സരങ്ങളിലെ ഏറ്റവും ഉയർന്ന വ്യക്തിഗത ബഹുമതിയായ കലാതിലകപട്ടം ദേവിക പദ്മകുമാറും കലാപ്രതിഭപട്ടം ജേസൺ മാത്യുവും സ്വന്തമാക്കി. വിവിധ മത്സരങ്ങളിലെ പ്രകടനങ്ങളിലൂടെ ഇരുവരും ശ്രദ്ധേയരായി.

ക്ലാസിക്കൽ ഡാൻസ് ഗ്രൂപ്പ് ഒന്നിൽ സുദിതി സുബിൻ ഒന്നാം സ്ഥാനവും റിവ പനയ്ക്കൽ രണ്ടാം സ്ഥാനവും നേടി. ഗ്രൂപ്പ് രണ്ടിൽ നിവിയ ജോയ് ഒന്നാമതും ദേവിക പദ്മകുമാർ രണ്ടാമതുമെത്തി. സിനിമാറ്റിക് ഡാൻസിൽ ഗ്രൂപ്പ് ഒന്നിൽ ജേസൺ മാത്യുവും ഗ്രൂപ്പ് രണ്ടിൽ ദേവിക പദ്മകുമാറും ഒന്നാം സ്ഥാനത്തെത്തി; ജൂഡിത്ത് മാത്യു രണ്ടാം സ്ഥാനം നേടി. ക്ലാസിക്കൽ ഗ്രൂപ്പ് ഡാൻസിൽ വരിഷ് ശേഖർ, സുദിതി സുബിൻ, ജൂലിയാന ജേക്കബ് എന്നിവർക്ക് 'സ്പെഷ്യൽ റെക്കഗ്നിഷൻ' ലഭിച്ചു.

ലൈറ്റ് മ്യൂസിക്കിൽ ദേവിക പദ്മകുമാർ ഒന്നാം സ്ഥാനവും ജെബിൻ അജു ഉമ്മൻ രണ്ടാം സ്ഥാനവും നേടി. ക്ലാസിക്കൽ മ്യൂസിക്കിൽ ഗ്രൂപ്പ് ഒന്നിൽ വരിഷ് ശേഖറും സുദിതി സുബിനും യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. ഗ്രൂപ്പ് രണ്ടിൽ ദേവിക പദ്മകുമാർ ഒന്നാമതെത്തി.





പ്രസംഗ മത്സരത്തിലും യുവപ്രതിഭകളുടെ മികച്ച പ്രകടനമാണ് അരങ്ങേറിയത്. ആറ് മുതൽ 11 വയസ്സ് വരെയുള്ള വിഭാഗത്തിൽ ജേസൺ മാത്യു ഒന്നാം സ്ഥാനവും സുദിതി സുബിൻ രണ്ടാം സ്ഥാനവും നേടി. 12 മുതൽ 18 വയസ്സ് വരെയുള്ള ഇംഗ്ലീഷ് പ്രസംഗത്തിൽ ഇവാൻ ചിറ്റിശ്ശേരി ഒന്നാമതെത്തിയപ്പോൾ മലയാളം പ്രസംഗത്തിൽ ജെബിൻ അജു ഉമ്മൻ ഒന്നാം സ്ഥാനം നേടി.

ഫൊക്കാനാ കൺവൻഷൻ ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവാനിയയിലെ കൽഹാരി റിസോർട്ടിലാണ് നടന്നത്. കുടുംബങ്ങൾക്കും യുവജനങ്ങൾക്കും പ്രത്യേക പ്രാധാന്യം നൽകിയ കൺവൻഷനിൽ ഇത്തരത്തിലുള്ള മത്സരങ്ങൾ കേരളീയ സംസ്കാരത്തെയും കലാപാരമ്പര്യത്തെയും പുതുതലമുറയിലേക്ക് കൈമാറുന്ന സജീവ വേദിയായി മാറി.

കലയുടെ വഴിയിലൂടെ കേരളവുമായി ബന്ധം പുതുക്കിയ ഈ യുവതാരങ്ങളുടെ നേട്ടങ്ങൾ, അമേരിക്കൻ മലയാളി സമൂഹത്തിന്റെ അടുത്ത തലമുറയിൽ വളരുന്ന കലാസമ്പത്തിന്റെയും സാംസ്കാരിക ആത്മബന്ധത്തിന്റെയും മനോഹരമായ അടയാളമായി മാറിയതായി യുവജന കലാമത്സരങ്ങൾ കോർഡിനേറ്റ് ചെയ്ത മില്ലി ഫിലിപ്പ് അറിയിച്ചു. മില്ലി ഫിലിപ്പ് ണശഹഹമ്യേ ITSolutions.ന്റെ ഓണർ കൂടിയാണ് .


Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

# റോമാ – കേരള എന്റർടൈൻമെന്റ് ഓണാഘോഷം ഹൃദ്യമായി




emalayalee.com

ഓറഞ്ച്ബർഗ്, ന്യു യോർക്ക്: കേരള എന്റർടൈൻമെന്റ് കമ്പനിയും റോക്‌ലാൻഡ് - ഓറഞ്ച് മലയാളീ അസോസിയേഷനും (റോമാ) സംയുക്തമായി നടത്തിയ ഓണാഘോഷം അർത്ഥപൂർണമായി. ഫോമാ എമ്പയർ റീജിയൻ ഞഢജ പി.റ്റി തോമസ് അദ്ധ്യക്ഷത വഹിച്ച ആഘോഷം റവ ഫാദർ മാത്യു തോമസിന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു.



തുടർന്ന് അമേരിക്കൻ - ഇന്ത്യൻ ദേശിയ ഗാനങ്ങൾക്കു ശേഷം വെരി റവ ഫാദർ വർഗീസ് തട്ടത്തിൽ കോർ എപ്പിസ്കോപ്പ ഓണ സന്ദേശം നൽകി. റോയി ചെങ്ങന്നൂർ സ്വാഗത പ്രസംഗം നടത്തി.

പി.റ്റി തോമസ് തൻറെ പ്രസംഗത്തിൽ മഹാബലി ഒരിക്കലും കേരളം ഭരിച്ചിരുന്നതായി ഒരു തെളിവും ഇല്ലെന്നും മഹാബലിയുടെ വല്യച്ഛൻ പ്രഹ്ളാദൻ ഭരിച്ചിരുന്നത് ഉത്തർ പ്രദേശിൽ ഹർദോയി എന്ന സ്ഥലത്തായിരുന്നുവെന്നും പറഞ്ഞു. മഹാബലി

യാഗം നടത്തിയുരുന്നത് നർമ്മ ദാ നദിയുടെ തീരത്തായിരുന്നു.

എന്നാൽ ഇന്നത്തെ മലയാളീകൾ ആര്യരുടെ വരവോടുകൂടി തെക്കേ ഇന്ത്യയിലേക്ക് മാറിയപ്പോൾ അവർ അവരുടെ ആഘോഷങ്ങളും കൂടെ കൊണ്ടുവന്നു. അങ്ങനെ ഓണം ഒരു കേരള ആഘോഷം ആയി മാറി. ഇപ്പോൾ ഓണം ഒരു അമേരിക്കൻ ആഘോഷം ആയി. എന്നാൽ ഓണത്തിന്റെ സന്ദേശം; സത്യം, സമത്വം, ചതിവില്ലായ്മ, ഒത്തൊരുമ, സന്തോഷം, സഹോദര്യത്വം അതെന്നും എവിടേയും നിലനിൽക്കണം.

തുടർന്ന് PACOR സെക്രട്ടറി സാറാ അമ്പാട്ട്, ഫോമാ ന്യൂ ഇംഗ്ലണ്ട് റീജിയൻ RVP അനിത നായർ എന്നിവർ ആശംസ പ്രസംഗങ്ങൾ നടത്തി. ടോം നൈനാൻ നന്ദി പ്രകടിപ്പിച്ചു.

കേരള എന്റർടൈൻമെന്റ് പ്രസിഡന്റ് റോയി ചെങ്ങന്നൂർ സമൂഹത്തിൽ ചെയ്യുന്ന സേവനങ്ങളെ പ്രകീർത്തിച്ചു വെരി റവ ഫാദർ വര്ഗീസ് തട്ടത്തിൽ കോർ എപ്പിസ്കോപ്പ റോയിയെ പൊന്നാട അണിയിച്ചു. തോമസ് ജോർജ് (റെജി), ഷാജി ജോസഫ് എന്നിവർ ആലപിച്ച ഓണഗാനങ്ങൾ ഹൃദ്യമായി.

റവ ഫാദർ വിവേക് അലക





്സും സന്നിഹിതനായിരുന്നു. ഫോമാ, ഫൊക്കാന, ഫൊക്കാന ഇന്റർനാഷണൽ, വേൾഡ് മലയാളീ എന്നീ അംബ്രല്ല സംഘടനകളിൽ നിന്നും, ഹഡ്സൺ വാലി മലയാളീ അസ്സോസിയേഷൻ (HVMA) മലയാളീ അസ്സോസിയേഷൻ ഓഫ് റോക്‌ലാൻഡ് കൗണ്ടി (MARC), ഹഡ്സൺ മലയാളീ അസ്സോസിയേഷൻ (HUDMA) റോക്‌ലാൻഡ് ഓറഞ്ച് മലയാളീ അസ്സോസിയേഷൻ എന്നീ പ്രാദേശിക സംഘടനകളിൽ നിന്നും 9 പ്രസിഡന്റ്മാരും മറ്റ് അംഗങ്ങളും ഓണസന്ദേശം ആയ സമത്വം, സാഹോദര്യം എന്നിവയുടെ മാറ്റൊലി എന്നപോലെ ആഘോഷത്തിൽ പങ്കെടുത്തു.




27 വിഭവങ്ങൾ ഉൾകൊള്ളുന്ന ഓണസദ്യയോടെ ഈ ഓണാഘോഷം അർഥപൂർണമായി പര്യവസാനിച്ചു.









MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# കെ.എച്ച്.എൻ.എ ഫ്ലോറിഡ റീജിയണൽ ടീം പ്രഖ്യാപിച്ചു, വിപുലമായ നേതൃനിര




കെ.എച്ച്.എൻ.എ
ഒഫീഷ്യൽ ന്യൂസ്

ഫ്ലോറിഡ: നോർത്ത് അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ ദേശീയ സംഘടനയായ Kerala Hindus of North America (KHNA), സൗത്ത്ഈസ്റ്റ് റീജിയണിലെ ഫ്ലോറിഡ സംസ്ഥാനത്തെ പുതിയ നേതൃനിരയെ പ്രഖ്യാപിച്ചു. പ്രദീപ് ബി. പിള്ളയുടെ നേതൃത്വത്തിലാണ് വിപുലമായ ടീമിന് രൂപം നൽകിയിരിക്കുന്നത്.

റീജിയണൽ വൈസ് പ്രസിഡന്റായി ചുമതലയേറ്റ പ്രദീപ് ബി. പിള്ളയുടെ നേതൃത്വത്തിൽ, ഫ്ലോറിഡ റീജിയണൽ ചെയറായി ഡോ. ശ്രീകുമാർ ചെല്ലപ്പനും, റീജിയണൽ സെക്രട്ടറിയായി അഭിജിത്ത് പഴേടത്തും, ജോയിന്റ് സെക്രട്ടറിയായി നന്ദകുമാർ ചക്കിങ്ങലും ചുമതലകൾ ഏറ്റെടുത്തു. കെ.എച്ച്.എൻ.എ നാഷണൽ ബോർഡ് ഓഫ് ഡയറക്ടർ അംഗങ്ങളായ അനഘ വാര്യർ, ഗോപൻ നായർ,

സുജിത് കുമാർ അച്യുതൻ എന്നിവരും ടീമിന്റെ ഭാഗമാണ്. ഈ മേഖലയിലെ KHNAയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും വിപുലീകരിക്കുകയും ചെയ്യുന്നതാണ് ഇവരുടെ പ്രധാന ചുമതല.

സംഘടനയുടെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിനായി വിവിധ മേഖലകളിൽ പ്രത്യേക ചെയർമാരെ നിയമിച്ചിട്ടുണ്ട്. അനുരാധ മനോജ് വുമൺസ് ഫോറം ചെയറായും, ജഗതി നായർ കൾച്ചറൽ ചെയറായും, രാജ് കുമാർ സ്പിരിചൽ & സീനിയേഴ്സ് ചെയറായും, വിജയ് കുമാർ എഡ്യൂക്കേഷൻ ചെയറായും, അഭിലാഷ് ശശിധരൻ സ്പോർട്സ് & യുവ ചെയറായും, അരുൺ ഭാസ്കർ ഐടി ചെയറായും, അഷീദ് വാസുദേവൻ സേവ ഹാൻഡ്സ് ചെയറായും, രഞ്ജു നായർ ഫിനാൻസ് & ഇക്കണോമിക്സ് ചെയറായും, സച്ചിൻ നായർ സ്പോർട്സ് & യുവ കോ-ചെയറായും പ്രവർത്തിക്കും. കൾച്ചറൽ വൈസ് ചെയറായി അഞ്ജന കൃഷ്ണനും, വുമൺസ് ഫോറം വൈസ് ചെയർ & സെക്രട്ടറിയായി വാണി സുധീഷും, വുമൺസ് ഫോറം ജോയിന്റ് സെക്രട്ടറിയായി സന്ധ്യ പത്മകുമാറും ടീമിൽ ഉൾപ്പെടുന്നു.

യുവജന വിഭാഗത്തിന് ഇക്കുറി ശക്തമായ നേതൃത്വമാണുള്ളത്. ദേവിക വികാസ് യൂത്ത് ചെയർപേഴ്സണായും, ദർശന വികാസ് യൂത്ത് സെക്രട്ടറിയായും, സനിക പിള്ള യൂത്ത് ട്രഷററും സോഷ്യൽ മീഡിയ മാനേജറുമായും, ഹിമഗംഗ വിനോദ് നായർ, മാധവ് സുരേഷ് നായർ എന്നിവർ യൂത്ത് കോ-സെക്രട്ടറിമാരായും, ഹരി കോപ്പള്ളിൽ, തുഷാര വിനോദ് നായർ, സിദ്ധാർഥ് നായർ എന്നിവർ യൂത്ത് കോ-ചെയർമാരായും പ്രവർത്തിക്കും.

KHNA പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡന്റ് സഞ്ജീവ്കുമാർ കെ.വി., ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള എന്നിവരുൾപ്പെടുന്ന ദേശീയ നേതൃത്വത്തിന്റെ പൂർണ പിന്തുണയോടെ പുതിയ ഫ്ലോറിഡ റീജിയണൽ കമ്മിറ്റി പ്രവർത്തനമാരംഭിക്കുന്നു.

ഫ്ലോറിഡയിലെ മലയാളി ഹിന്ദു സമൂഹത്തെ കൂടുതൽ ശക്തമായി ഏകോപിപ്പിക്കാനും സാംസ്കാരികവും ആത്മീയവുമായ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനും പുതിയ ടീമിന്റെ നേതൃത്വത്തിന് കഴിയുമെന്ന് KHNA പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ പ്രത്യാശ പ്രകടിപ്പിച്ചു. കെ.എച്ച്.എൻ.എ ഗ്ലോബൽ കൺവെൻഷൻ 2027 നവംബർ 25 മുതൽ 28 വരെ ഒർലാണ്ടോയിൽ നടക്കും.




emalayalee.com
GREAT
NEWS!
Now You Can
INSTANTLY
PLACE YOUR ADVT or
BOOK YOUR AD SPACE
on eMalayalee.com
Shirley A. Abraham
Award Winning Real Estate Broker
Commercial • Investment • Advisory
Long Island | NYC | New York State
1-516-712-9262
Get local help with your Medicare questions.
It's time to take advantage.
Just Click
eMalayalee.com/Advertise


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
mediaappusa.com
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us